ദി ഡിഫെൻഡർ

Vol. No. 10 Issue No. 11 | RNI Reg. No. 68089 / 97 | Published From Perumbavoor | 2007 JUNE 1 | Price: Rs.100/- P.A.

# ടി.എസ്.ഏബ്രഹാം കലിതുള്ളുന്നു കെ.സി.ജോൺ ഭയന്നുവിറയ്ക്കുന്നു

ടി.എസ്.ഏബ്രഹാമിനും വൽസനും എതിരെ കെ.സി. ജോൺ നടത്തുന്ന രഹസ്യനീക്കം ഡിഫെൻഡറിലൂടെ അറിഞ്ഞ ടി.എസ് ഏബ്രഹാം കലിതുള്ളി നിൽക്കുകയാണ്. എങ്ങനെയെങ്കിലും ടി.എസ്.ഏബ്രഹാമിനെ അനുനയിപ്പിച്ചില്ലെങ്കിൽ തന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയുണ്ടാകും എന്ന് വ്യക്തമായതോടെ കെ.സി.ജോൺ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു.

ഐ.പി.സിയിൽ നിന്നും ടി.എസ്.ഏബ്രഹാം പുറത്താക്കിയ കെ.പി.കുര്യൻ, ഏബ്രഹാം ഷാജി എന്നിവർ കോടീശ്വരനായ ഒരു അമേരിക്കൻ മലയാളിയോടൊപ്പം തന്റെ വീട്ടിൽ വന്നിരുന്നു എന്ന വസ്തുത കെ.സി.ജോൺ നിഷേധിക്കുന്നില്ല. പക്ഷേ അമേരിക്കൻ മലയാളിയെ മാത്രമേ താൻ വീട്ടിലേക്ക് ക്ഷണിച്ചുള്ളൂ എന്നും മറ്റുരണ്ടുപേരും സ്വയം വന്നതാണെന്നുമാണ് കെ.സി. ജോൺ പറയുന്നത്. ഗൂഢാലോചന പുറത്തായപ്പോൾ രക്ഷപ്പെടാനായി കെ.സി.ജോൺ പറയുന്ന കള്ളമാണിത് എന്ന് മനസ്സിലാക്കാൻ സാമാന്യ ബുദ്ധിമതി.

കെ.സി.ജോണിന്റെ വീട്ടിൽ എത്തുന്നതിനു മുൻപ് ഈ മൂവർ സംഘം തിരുവല്ലയിലുള്ള എലൈറ്റ് ഹോട്ടലിൽ ഇരുന്ന് പദ്ധതികളൊക്കെ തയ്യാറാക്കിയിരുന്നു. ടി.എസ്.ഏബ്രഹാം, വൽസൻ എന്നിവരുടെ കൈയ്യിൽ അധികാരം ഉള്ളിടത്തോളം കാലം കെ.പി കുര്യൻ, ഏബ്രഹാം ഷാജി എന്നിവർക്ക് ഐ.പി.സിയിൽ തിരികെയെത്താൻ സാധിക്കയില്ല. അതുകൊണ്ട് വൽസനെ അധികാരസ്ഥാനത്തുനിന്നും ഒഴിവാക്കണം. അതിനുള്ള പദ്ധതിയാണ് മൂവർ സംഘം ആലോചിച്ചത്. ഇവരുടെ ആത്മസുഹൃത്താണ് ഡോ. ജോർജ് തോമസെങ്കിലും വൽസന് എതിരായ നീക്കമാകയാൽ ഇവർ ഡോക്ടറേപ്പോലും അറിയിക്കാതെയാണ് ഗൂഢാലോചന നടത്തിയത്. പദ്ധതിയുടെ വിശദാംശങ്ങളെല്ലാം എലൈറ്റിൽ വെച്ച് തയ്യാറാക്കിയശേഷം മൂവർ സംഘം കെ.സി.ജോണിന് ഫോൺ ചെയ്തു. ഇത്തരം കാര്യങ്ങൾ ഫോണിൽ സംസാരിക്കുന്നത് സുരക്ഷിതമല്ലെന്നും എല്ലാം നേരിൽ സംസാരിക്കാമെന്നും അതിനായി ഉടൻ എത്തണമെന്നും കെ.സി. ജോൺ അറിയിച്ചതനുസരിച്ചാണ് ഇവർ നെടുമ്പ്രത്ത് എത്തിയത്.





അതീവ രഹസ്യമായി നടത്തിയ ഈ നീക്കങ്ങൾ ഡിഫെൻഡർ മണത്തറിയുമെന്നും പരസ്യമാക്കുമെന്നും ഇവർ പ്രതീക്ഷിച്ചിരുന്നില്ല. നെടുമ്പ്രത്ത് നടക്കുന്ന കാര്യങ്ങൾ പെരുമ്പാവൂരിലിരിക്കുന്ന ബാലൻ അറിയുമെന്ന് കരുതുന്നതെങ്ങനെ? (ബാലന് നെടുമ്പ്രത്തും റിപ്പോർട്ടർമാരുണ്ട് എന്ന് ഇനിയെങ്കിലും അറിയുക).

ബാലൻ എഴുതുന്നതെല്ലാം കള്ളമാണ് എന്ന് പ്രചരിപ്പിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയാണ് സാധാരണയായി കെ.സി.ജോൺ ചെയ്തുവരുന്നത്. പക്ഷേ ഈ കാര്യത്തിൽ ആ തന്ത്രവും ഫലിച്ചില്ല. അതുകൊണ്ട് ഈ മൂവർ സംഘം നെടുമ്പ്രത്ത് എത്തിയെന്നും ചായകുടിച്ച് പിരിഞ്ഞെന്നും കെ.സി.ജോണിന് സമ്മതിക്കേണ്ടതായിവന്നു. ചായ കുടിക്കാൻ മാത്രമായി തിരുവല്ലയിൽ നിന്നും ഇവർ നെടുമ്പ്രത്ത് എത്തുകയില്ല എന്ന് ടി.എസ്.ഏബ്രഹാം ഊഹിച്ചു. അതോടെ കെ.സിയുടെ പദ്ധതിയെന്തെന്ന് ടി.എസ്.ഏബ്രഹാമിന് മനസ്സിലായി. അങ്ങനെയാണ് ടി.എസ്സ് ഏബ്രഹാമിന് കലി കയറിയത്.

എന്തു പറഞ്ഞ് ടി.എസ്. ഏബ്രഹാമിന്റെ കോപം ശമിപ്പിക്കാം എന്നറിയാതെ കുഴയുകയാണ് കെ.സി.ജോൺ. ഈ കുഴപ്പമെല്ലാം ഉണ്ടാക്കിയത് ആ അമേരിക്കൻ മലയാളിയാണെന്ന് കെ.സി.ജോൺ പലരോടും പറഞ്ഞതായും വാർത്തയുണ്ട്. ഏതായാലും കെ.സി ഇപ്പോൾ ശരിക്കും പുലിവാല് പിടിച്ചിരിക്കയാണ്. എങ്ങനെ പ്രശ്നം പരിഹരിക്കാമെന്ന ആലോചനയിലാണിപ്പോൾ.

# കെ.എ.ഏബ്രഹാം പ്രസംഗം നിർത്തണം



കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവായ മത്തായിക്കുട്ടിയുടെ പ്രകൃതിവിരുദ്ധ ബന്ധങ്ങൾക്ക് സഹായകമായ നിലപാട് സ്വീകരിക്കുന്ന കെ.എ. ഏബ്രഹാം പ്രസംഗം നിർത്തണം. പ്രകൃതിവിരുദ്ധ ലൈംഗികബന്ധം ഗുരുതരമായ പാപമായി കണക്കാക്കാൻ കഴിയുന്നില്ലെങ്കിൽ ബൈബിളുമായി എഴുന്നേറ്റു നിൽക്കാൻ കെ.എ.ഏബ്രഹാമിന് അധികാരമില്ല. ഏഴു വയസ്സുമുതൽ എഴുപതു വയസ്സുവരെയുള്ളവരോട് മത്തായിക്കുട്ടി കാട്ടിക്കൂട്ടിയതൊക്കെ ഡിഫെൻഡർ വിവരിച്ചിട്ടും മത്തായിക്കുട്ടിക്ക് പിൻതുണ കൊടുക്കുന്നത് ഒരു വിധത്തിലും ന്യായീകരിക്കാനാവില്ല. അതുകൊണ്ട് കെ.എ.ഏബ്രഹാം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയിട്ട് പ്രസംഗിച്ചാൽ മതി.

**– 100 പ്രസംഗങ്ങൾ –**
**റിക്കാഡിംഗ് പുരോഗമിക്കുന്നു**

100 പ്രസംഗങ്ങൾ – 100 മണിക്കൂർ. എം.പി.3 ഫോർമാറ്റ്
പ്രസിദ്ധീകരണം: 2007 ജൂലൈ 31.
മുഖവില: 1000 രൂപ.
ഇപ്പോൾ പണമടക്കുന്നവർക്ക് 750 രൂപ മാത്രം.

**പ്രഭാതധ്യാനം**

20 മിനിട്ട് വീതം ദൈർഘ്യമുള്ള 365 ലഘു പ്രസംഗങ്ങൾ
2008ലെ ഓരോ മാസത്തിനും ഓരോ എം.പി.3 സി.ഡി.
പ്രസിദ്ധീകരണം: 2007 ഡിസംബർ 15
ആകെ 12 സി.ഡികൾ. മുഖവില: 1200 രൂപ.
ഇപ്പോൾ പണമടയ്ക്കുന്നവർക്ക് 850 രൂപ മാത്രം

100 പ്രസംഗങ്ങൾ + പ്രഭാതധ്യാനം: മുഖവില: 2200 രൂപ
ഇപ്പോൾ പണമടച്ചാൽ 1500 രൂപ മാത്രം
വില ചെക്ക്/ഡി.ഡി/മണിയോർഡർ ആയി അയയ്ക്കുക.
വിലാസം:
റ്റി.എസ്.ബാലൻ,
ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542
ഫോൺ: 0484-3232356, 9447414608

# സോദോമ്യന് തുണ ടി.ജെ.ശാമുവൽ

സോദോമ്യ പാപപ്രചരണവുമായി ഊരുചുറ്റുന്ന മത്തായിക്കുട്ടി എന്ന കള്ളപ്രവാചകന് പിൻതുണയുമായി ടി.ജെ.ശാമുവൽ രംഗത്തെത്തിയിരിക്കുന്നു. ഡിഫെൻഡർ എന്തെല്ലാം എഴുതിയാലും മത്തായിക്കുട്ടിക്കെതിരെ ഒരു നടപടിയും എടുക്കില്ല എന്ന വാശിയിലാണ് ഇയാൾ.

ഏഴു വയസ്സുള്ള കുട്ടി മുതൽ 70 കഴിഞ്ഞ വൃദ്ധനോടു വരെ പ്രകൃതിവിരുദ്ധ ബന്ധം നടത്തിയവനാണ് എ.ജിയിലെ പാസ്റ്ററായ മത്തായിക്കുട്ടിയെന്നും ഈ നീചന്റെ ദുഷ്ക്കർമ്മങ്ങൾക്ക് തെളിവ് ഹാജരാക്കാമെന്നും ഡിഫെൻഡർ വ്യക്തമാക്കിയിട്ടും എ.ജി നേതൃത്വത്തിന് അനക്കമില്ല. ഇതൊന്നും പാപമേയല്ല എന്ന നിലപാടിലാണ് എ.ജി നേതാവായ ടി.ജെ.ശാമുവൽ.

അങ്കമാലിയിലുള്ള ഒരു പ്രസ്സിൽ പാട്ടുപുസ്തകം അടിപ്പിച്ചിട്ട് പണം കൊടുക്കാതെ തടിതപ്പാൻ ശ്രമിച്ച ടി.ജെ ശാമുവലിനെ വരച്ച വരയിൽ വച്ച് ഡിഫെൻഡർ പണം കൊടുപ്പിച്ചിരുന്നു. ആ സംഭവത്തിനു ശേഷം ടി.ജെ ശാമുവലിന് ഡിഫെൻഡർ എന്നു കേട്ടാലുടൻ കലിയിളകും. അതുകൊണ്ടാണ് മത്തായിക്കുട്ടിയെന്ന സോദോമ്യന് എല്ലാവിധ സഹായവും ചെയ്തുകൊടുക്കാനും അയാളുടെ പ്രകൃതിവിരുദ്ധ ബന്ധത്തേക്കുറിച്ച് അന്വേഷിക്കപോലും ചെയ്യാതെ സംരക്ഷിക്കാനും തീരുമാനിച്ചിരിക്കുന്നത്.



ടി.ജെ ശാമുവലിനെ ദുരാത്മാവ് ബാധിച്ചിട്ട് വർഷങ്ങൾ പലതായി. കള്ളപ്രവചനം ഉൾപ്പെടെ എന്തു തോന്ന്യാസവും കാണിക്കാൻ ഇയാൾക്ക് മടിയില്ല. അടുത്ത കാലത്തായി ആഞ്ഞിലിക്കാ എന്നോ മറ്റോ പേരുള്ള ഒരു മഠത്തിലമ്മയുമായി ഉലകം ചുറ്റുകയാണ് ഈ പെരുങ്കള്ളൻ. (ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ).

പതിന്നാല് വർഷം കൂടി കഴിയുമ്പോൾ ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യമായി മാറും എന്ന് ആഞ്ഞിലിക്കായ്ക്ക് വെളിപ്പാട് കിട്ടിയത്രേ. ഈ വിധത്തിലുള്ള ഒരു വെളിച്ചപ്പാട് ഏഴുകൊല്ലം മുൻപ് ടി.ജെ.ശാമുവലിനും കിട്ടിയിരുന്നു. (അതാണ് ആത്മാവിന്റെ ഐക്യം). ഈ മഹാസംഭവത്തിനായി ഇന്ത്യയെ ഒരുക്കാൻ ഓടി നടക്കുന്നതിനിടയിൽ മത്തായിക്കുട്ടിയുടെ സോദോമ്യപ്രശ്നവും മറ്റും പരിഗണിക്കാൻ ടി.ജെ ശാമുവലിന് സമയമില്ല.

സുരേഷ് ബാബു എന്ന വ്യഭിചാരിക്ക് എല്ലാവിധ സഹായവും ചെയ്തുകൊടുത്ത് നിലനിർത്തിക്കൊണ്ടിരിക്കുന്നത് എ.ജിയുടെ നേതാക്കൻമാരാണ്. ഇപ്പോൾ പ്രകൃതിവിരുദ്ധനും തുണയരുളുന്നു. വീണ്ടും ജനനം പ്രാപിച്ച ആരും എ.ജിയിൽ ഇല്ലാതായെന്നുതോന്നുന്നു.

ദി ഡിഫെൻഡർ
Vol. No.10 Issue No. 11 2007 June 1

# അച്ചൻകുഞ്ഞ് ഇലന്തൂർ പെന്തക്കോസ്തിലെ പിമ്പ്

വേശ്യക്കും ഇടപാടുകാരനും ഇടയിൽ ദല്ലാളായി പ്രവർത്തിക്കുന്നവനെന്നാണ് പിമ്പ് എന്ന ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം. പെന്തക്കോസ്തിൽ ഒട്ടേറെ വ്യഭിചാരികളുണ്ട്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സുരേഷ് ബാബു തുടങ്ങിയവർ ഉദാഹരണം. ഇവരുടെയെല്ലാം പിമ്പായി പ്രവർത്തിക്കുന്ന ഒരു മഹാനും പെന്തക്കോസ്തിലുണ്ട്: മരുപ്പച്ചയുടെ എഡിറ്ററും അവസരവാദത്തിന്റെ ആൾരൂപവുമായ അച്ചൻകുഞ്ഞ് ഇലന്തൂർ. പെന്തക്കോസ്തിന്റെ വക്താവ് ചമഞ്ഞു നടക്കുന്ന ഈ കള്ളനെ വീണ്ടുംജനനം പ്രാപിച്ചവർ തിരിച്ചറിയണം.

പെന്തക്കോസ്തിന്റെ സംരക്ഷകൻ ചമഞ്ഞു നടക്കുന്ന ഈ ചങ്ങാതി ഒന്നാംതരം തട്ടിപ്പുകാരനാണ് എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെങ്കിലും കാര്യം സത്യമാണ്. ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമായ അച്ചൻകുഞ്ഞിന് പെന്തക്കോസ്ത് വിശ്വാസപ്രമാണം സ്വീകാര്യമല്ല. കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രിസ്തുമതക്കാരും രക്ഷിക്കപ്പെട്ടവരാണെന്നും പെന്തക്കോസ്ത് വിശ്വാസപ്രമാണം വിഡ്ഢിത്തമാണെന്നും അച്ചൻകുഞ്ഞ് പറയുന്നു. ഐ.പി.സി അംഗമാകയാൽ സാങ്കേതികമായി ഐ.പി.സിയുടെ വിശ്വാസപ്രമാണം അംഗീകരിക്കുന്നുണ്ടെങ്കിലും അവയിൽ തനിക്ക് യഥാർത്ഥ വിശ്വാസമില്ലെന്ന് അച്ചൻകുഞ്ഞ് വ്യക്തമാക്കിയിട്ടുണ്ട്. (സാങ്കേതികമായി അച്ചൻകുഞ്ഞിന്റെ അപ്പൻ വർഗീസാണെങ്കിലും യഥാർത്ഥത്തിൽ ചുറ്റുപാടുമുള്ള കുറച്ചധികം ആളുകളാണ് എന്നു പറയുന്നതുപോലെയാണിത്.)

പെന്തക്കോസ്തിലെ സകല വ്യഭിചാരികൾക്കും കൂടി ഒരു പിമ്പുണ്ടെങ്കിൽ അത് അച്ചൻകുഞ്ഞ് ഇലന്തൂരാണ്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയ ഐ.പി.സി വ്യഭിചാരികളുടെ യഥാർത്ഥ കഥകൾ അറിയാവുന്ന ആളാണ് അച്ചൻകുഞ്ഞ്. പക്ഷേ ഇവരെ പാടിപ്പുകഴ്ത്താൻ അച്ചൻകുഞ്ഞിന് വാക്കുകൾ തികയുന്നില്ല. സുരേഷ് ബാബുവിന്റെ തട്ടിപ്പുകൾ പുറത്തുകൊണ്ടുവന്ന ആദ്യത്തെ പത്രം മരുപ്പച്ചയാണ്. പക്ഷേ ഇന്ന് മരുപ്പച്ചയുടെ ഓഫീസിൽ സുരേഷിന്റെ പ്രസംഗങ്ങൾ വില്പനയ്ക്ക് വെച്ചിരിക്കുന്നു. വ്യഭിചരിക്കുക എന്നത് ഒരു വ്യക്തിയുടെ സ്വകാര്യവിഷയമാണെന്നും അതിൽ മറ്റുള്ളവർ ഇടപെടുന്നത് ശരിയല്ലെന്നും ആണ് അച്ചൻകുഞ്ഞ് വിശദീകരിക്കുന്നത്. ഇവനേപ്പോലുള്ളവർ സ്വന്തം അമ്മയേയും ഭാര്യയേയും വരെ കെ.സി.ജോണിനേപ്പോലുള്ള പെന്തക്കോസ്ത് നേതാക്കൻമാർക്ക് കാഴ്ചവെയ്ക്കാനും മടിക്കില്ല.

വ്യഭിചരിക്കുന്നത് മാത്രമല്ല വ്യഭിചാരികളുടെ പിമ്പായി പ്രവർത്തിക്കുന്നതും ഒരു വ്യക്തിയുടെ സ്വകാര്യവിഷയമാണ്. അതിൽ മറ്റുള്ളവർ ഇടപെടുന്നത് ശരിയല്ല. പക്ഷേ പിമ്പുകൾ പെന്തക്കോസ്ത് വക്താക്കളുടെ വേഷം കെട്ടുകയോ വ്യഭിചാരികളെ ദൈവദാസൻമാരായി അവതരിപ്പിക്കുകയോ ചെയ്താൽ ഡിഫെൻഡറിന് എതിർക്കേണ്ടതായി വരും.

# സത്യം സത്യമായി

കളിച്ചു കളിച്ച് കളി കാര്യമായി. പിണറായി വിജയനും വി.എസ്.അച്യുതാനന്ദനും പി.ബിയിൽ നിന്ന് ഔട്ടായി. സംഗതി ഒന്നാംതരമായി എന്ന് പറയാതെ വയ്യ.

ലീഡർജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിൽ അരങ്ങേറിയ കലാപരിപാടികളുമായി തട്ടിച്ച് നോക്കിയാൽ സി.പി.എമ്മിൽ അച്ചടക്ക ലംഘനം എന്നൊന്ന് ഉണ്ടായിട്ടേയില്ല. പക്ഷേ ഈ നേതാക്കൻമാർ പറഞ്ഞ ചില വാക്കുകൾ പോലും പി.ബിക്ക് സഹിക്കാവുന്നതിൽ അധികമായിരുന്നു. സംസ്ഥാന സെക്രട്ടറിയും മുഖ്യമന്ത്രിയുമാണ് പ്രതികൾ എന്നുപോലും പരിഗണിക്കാതെ പി.ബി നടപടി എടുത്തു. ഇത്ര ധൈര്യം ഈ രാജ്യത്തുള്ള മറ്റൊരു രാഷ്ട്രീയ കക്ഷിക്കും ഉണ്ടാകുമെന്ന് തോന്നുന്നില്ല.

അച്ചടക്ക രാഹിത്യത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സിനെ വെല്ലാൻ ആർക്കും കഴിയുകയില്ല. ആർക്കും എന്തും ആകാം. ഒരു നടപടിയും ഉണ്ടാകില്ല. കോൺഗ്രസ്സ് എന്നത് ഒരു പാർട്ടിയല്ല ഓരോ കോൺഗ്രസ്സ്കാരനും ഓരോ കോൺഗ്രസ്സാണ്. ഹൈക്കമാന്റ് എന്നൊരു കടലാസ് പുലി ഉണ്ടെങ്കിലും അത് ഒരു നിർഗ്ഗുണ പരബ്രഹ്മമാണ്. അതിന് നിറമോ മണമോ രുചിയോ ഇല്ല.

ഇടതുപക്ഷത്തിന്റെ ഭരണം മോശമാണെന്ന് പറയാനുമാവില്ല. കയ്യേറ്റക്കാർക്കെതിരെ നടപടി എടുക്കാൻ നാളിതുവരെ ഒരു ഭരണകൂടവും ധൈര്യം കാണിച്ചില്ല. ഇപ്പോൾ അത് ഉണ്ടായിരിക്കുന്നു. അത് ചെറിയ കാര്യമാണെന്ന് പറയാനാവില്ല. പണത്തിനു മീതെ പരുന്തും പറക്കില്ല എന്ന പഴഞ്ചൊല്ലിൽ പതിരുണ്ട് എന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുന്നു. എന്തെല്ലാം ദോഷം പറഞ്ഞാലും ഈ നേട്ടം വിലകുറച്ച് കാണാനാവില്ല.

പ്രതിപക്ഷത്തിന് ഇപ്പോൾ കാര്യമായ പണിയൊന്നും ഇല്ലാതായിരിക്കുന്നു. എതിർക്കാൻ തക്ക പ്രശ്നങ്ങൾ വളരെ കുറവ്. ഒരു കഥയുമില്ലാത്ത കാര്യം പറഞ്ഞ് ബഹളമുണ്ടാക്കിയാൽ ജനം എതിരാകും. അതുകൊണ്ട് ഏതെങ്കിലും തേങ്ങാ വീഴുന്നതും കാത്ത് ഇരിക്കയാണ് ഈ മോങ്ങൽ വിദഗ്ദ്ധർ.

പ്രതിപക്ഷത്തിന് മിണ്ടാട്ടമില്ലെങ്കിലും സി.പി.എമ്മിലുള്ള ചിലർ സർക്കാരിനെതിരെ വായ് വിശാലമായി തുറക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ പ്രതിഛായ ഉയരുന്നത് കണ്ടിട്ട് അവർക്ക് സഹിക്കുന്നില്ല. ഭരണം ഇങ്ങനെ നേരേ ചൊവ്വേ പോയാൽ തങ്ങൾക്ക് വിലയില്ലാതാകും. അതുകൊണ്ട് ഇവർ ഒളിഞ്ഞും തെളിഞ്ഞും അമ്പുകൾ എയ്യുകയാണ്. പി.ബിയുടെ ഇടപെടലൊന്നും ഇവർ കണ്ടതായി നടിക്കുന്നില്ല.

അമ്പാടൻ ആലപ്പുഴയ്ക്ക് പോയതുപോലെ എന്ന പഴഞ്ചൊല്ല് മാറ്റി ലീഡർ ഡൽഹിക്കു പോയതുപോലെ എന്നാക്കുന്നത് നന്ന്. വെറുതെ ആരെങ്കിലും ഡൽഹിക്ക് പോകുമോ എന്നു ചോദിച്ചുകൊണ്ടാണ് ലീഡർ കഴിഞ്ഞതവണ ഡൽഹിക്കു പോയത്. എന്തൊക്കെയോ നടക്കാൻ പോകയാണെന്ന് മിക്കവരും കരുതി. പക്ഷേ ഒന്നും സംഭവിച്ചില്ല. പോനമച്ചാൻ വെറുതെ തിരുമ്പി വന്നു. ഇത്തവണ ലീഡർ ഡൽഹിക്ക് പോയിട്ടു വന്നതും ഇതുപോലെതന്നെ. എന്തിന് പോയി എന്ന് ലീഡർക്കുപോലും അറിഞ്ഞുകൂടാ. പാർട്ടി പരിപാടി ഒന്നും ഇല്ലായിരുന്നു എന്ന് പാർട്ടി തന്നെ പറഞ്ഞു. പിന്നെ എന്തിനു പോയി? എന്തു നേടി? ഒരു പിടിയുമില്ല. വെറുതെ ആരെങ്കിലും ഡൽഹിക്കു പോകുമോ എന്നു ചോദിച്ചാൽ ലീഡർ ആണെങ്കിൽ പോകും എന്നു പറയാം. ഇത്ര ദയനീയമായ ഒരു സ്ഥിതി ഉണ്ടാകുമെന്ന് അറിഞ്ഞിരുന്നെങ്കിൽ കോൺഗ്രസ്സ് വിടുമായിരുന്നില്ല.

കൺവെൻഷൻ സീസൺ അവസാനിച്ചു. ഇനി കേരളത്തിൽ നിന്നിട്ട് കാര്യമില്ല. അതുകൊണ്ട് ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാരും അമേരിക്കയിലേക്ക് കടന്നിരിക്കയാണ്. നവംബർ ആദ്യ ആഴ്ചയിലേ ഇന്ത്യയിലേക്ക് മടങ്ങൂ. അമേരിക്കയിൽ പോകാൻ പറ്റാത്തവർ ഇംഗ്ലണ്ടിലേക്ക് പോയി. കെ.എ.ഏബ്രഹാമും അച്ചൻകുഞ്ഞ് ഇലന്തൂരും വരെ ഇംഗ്ലണ്ടിൽ പോയി. (അടുത്തൊരു യാത്രാവിവരണം പ്രതീക്ഷിക്കാം).

അമേരിക്കയ്ക്കും ഇംഗ്ലണ്ടിനും വിസ ലഭിക്കാത്തവർ ഗൾഫിലേക്ക് കടന്നിരിക്കയാണ്. ഈ സന്ദർശകരേക്കൊണ്ട് ഗൾഫിലുള്ളവർ ശരിക്കും പൊറുതിമുട്ടിയിരിക്കുന്നു. എല്ലാ സഭായോഗത്തിനും അരഡസൻ പാസ്റ്റർമാരെങ്കിലും ഉണ്ടാകും. ഇവരേക്കൊണ്ട് ആത്മീയമായ എന്തെങ്കിലും ഗുണമുണ്ടാകുന്നുണ്ടോ എന്നു ചോദിച്ചാൽ അതുമില്ല. ഏലിയാവും കാക്കയും തന്നെ മുഖ്യ പ്രസംഗവിഷയം. ഏലിയാവ് ഈ ചങ്ങാതിമാരാണ്. കാക്ക ഗൾഫിലെ പാവപ്പെട്ട വിശ്വാസികളും. പണ്ട് കാക്ക ഏലിയാവിനെ തേടിച്ചെന്നു. അത് അന്തക്കാലം. ഇപ്പോൾ ഏലിയാവ് കാക്കയെ തേടി ഇറങ്ങിനടക്കുന്നു. കാക്കക്കൂട്ടിൽ സ്ഥിരവാസമാക്കുന്നു. തോട്ടിലെ വെള്ളം വറ്റിയാലും സ്ഥലം വിടുന്നുമില്ല. കാക്കകൾ ശരിക്കും കുഴയുന്നു. ഒരു പോംവഴിയേയുള്ളൂ. കാക്കകളെല്ലാം ചേർന്ന് ഈ ഏലിയാവുമാരെ കൊത്തി ഓടിക്കുക.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# കുട്ടപ്പൻ വിതച്ചു കുട്ടപ്പൻ കൊയ്യുന്നു

വിതയ്ക്കുന്നതു തന്നെ കൊയ്യും എന്ന് ദൈവവചനം പറയുന്നു. അത് തികച്ചും ശരിയാണെന്ന് ശ്രീമാൻ കുട്ടപ്പന്റെ അനുഭവം തെളിയിക്കുന്നു.

ശാരോന്റെ എറണാകുളം സെന്റർ പാസ്റ്ററാണ് കുട്ടപ്പൻ. എറണാകുളത്തും പരിസരത്തുമുള്ള ശാരോൻ സഭകളിൽ കലക്കമുണ്ടാക്കുകയും കലക്കവെള്ളത്തിൽ മീൻ പിടിക്കലുമാണ് ഈ ചങ്ങാതിയുടെ മുഖ്യ തൊഴിൽ. ശാരോന്റെ സെക്രട്ടറിയായ ടി.പി.ഏബ്രഹാമിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് കുട്ടപ്പൻ കലാപരിപാടി പൊടിപൊടിക്കുന്നത്.

ഏതെങ്കിലും ഒരു സഭയിലെ പാസ്റ്ററോട് കുട്ടപ്പന് നീരസമുണ്ടാകുന്നതോടെ കഥ ആരംഭിക്കും. ആ പാസ്റ്റർ ശുശ്രൂഷിക്കുന്ന സഭയിലുള്ള രണ്ടോ മൂന്നോ പ്രമാണികളോട് ഉടൻതന്നെ കുട്ടപ്പൻ ചങ്ങാത്തം കൂടും. ഏറെ താമസിയാതെ കുട്ടപ്പൻ ഈ സ്നേഹിതരുടെ സഹായത്തോടെ ആ സഭയിൽ കലക്കമുണ്ടാക്കും. പ്രശ്നം തീർക്കാൻ ചെല്ലുന്നതും കുട്ടപ്പൻ തന്നെ. പ്രശ്നം തീർക്കുന്നതോടെ പാവം പാസ്റ്ററുടെ കഥയും കഴിഞ്ഞിരിക്കും. ഇങ്ങനെ നിരവധി പാസ്റ്റർമാരെ കുട്ടപ്പനെന്ന ഈ നീചൻ കണ്ണീരു കുടിപ്പിച്ചിട്ടുണ്ട്. പെരുമ്പാവൂർ ശാരോനിലും പ്രശ്നങ്ങൾ ഉണ്ടാക്കാൻ ഈ ചങ്ങാതി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഇങ്ങനെ എറണാകുളത്തും പരിസരത്തും കലക്കം വിതച്ചു നടന്ന കുട്ടപ്പൻ ഇപ്പോൾ ശരിക്കും കൊയ്യുകയാണ്.

എറണാകുളത്തിന് സമീപം തൈക്കൂട്ടത്തുള്ള സഭയിലാണ് കുട്ടപ്പന്റെ തുത്രൂഷ. ഇയാളേക്കൊണ്ട് അവിടെയുള്ളവർ മടുത്തിട്ട് കാലം കുറച്ചായി. എങ്കിലും സെന്റർ ബോൾട്ട് ആയതുകൊണ്ട് അത്ര എളുപ്പം ഒഴിവാക്കാൻ പറ്റിയില്ല. ഈ വർഷം അവർ ഒരു വിധത്തിൽ കാര്യം സാധിച്ചു. കുട്ടപ്പന് ആലുവ സഭയിലേക്ക് സ്ഥലം മാറ്റമായി. സംഗതി കുട്ടപ്പനും ബോധിച്ചു. ആലുവ സഭ നല്ല വരുമാനമുള്ള സഭയാണ്. കൂടാതെ, ടി.പിയുടെ വീടിനോട് ചേർന്നിരിക്കുന്ന സഭയുമാണ്. ഇഷ്ടംപോലെ കാശ്, ടി.പിയുമായി ഗൂഢാലോചനകൾ നടത്താൻ വേണ്ടുവോളം അവസരം. ഈ ട്രാൻസ്ഫർ ഒപ്പിച്ചു കൊടുത്തതും ടി.പിയാണ്. അങ്ങനെ എല്ലാം ശുഭമായി കലാശിക്കുമെന്ന സ്ഥിതി ആയപ്പോഴാണ് അപ്രതീക്ഷിതമായ കുഴപ്പമുണ്ടായത്. ആലുവ സഭക്കാർക്ക് കുട്ടപ്പനെ വേണ്ട.

എങ്ങനെയെങ്കിലും സഭക്കാരെ ശാന്തമാക്കാൻ കുട്ടപ്പനും ടി.പിയും പതിനെട്ടടവും പയറ്റി. ഒരു വർഷം കുട്ടപ്പൻ ആലുവയിൽ ഇരിക്കട്ടെ, അതു കഴിഞ്ഞ് മറ്റെവിടേക്കെങ്കിലും മാറ്റാം എന്നുവരെ പറഞ്ഞു നോക്കി. പക്ഷേ ഫലിച്ചില്ല. ഒരു നിമിഷം പോലും കുട്ടപ്പനെ ആലുവയിൽ ഇരുത്താൻ പറ്റില്ലെന്ന് വിശ്വാസികൾ തീർത്തു പറഞ്ഞു. ഇല്ലത്തുനിന്നും ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്ന പരുവത്തിലാണ് കുട്ടപ്പൻ ഇപ്പോൾ. പാവപ്പെട്ട ഉപദേശിമാരെ വഴിയാധാരമാക്കി രസിച്ചപ്പോൾ ഒരു ദിവസം തനിക്കും ഈ ഗതി ഉണ്ടാകുമെന്ന് കുട്ടപ്പൻ ഓർത്തില്ല.




# സാമച്ചൻ പേരുവിളിച്ചു, ജനം വണ്ടറടിച്ചു

ദുബായിൽ നടന്ന ഒരു കൺവെൻഷനിൽ കാലഘട്ടത്തിന്റെ പ്രവാചകനായ സാമച്ചൻ പ്രസംഗിക്കയാണ്. അതിനിടയിൽ സാമച്ചന് വെളിപ്പാട് കിട്ടി:

ആരാ ലത?

ഒരു സഹോദരി എഴുന്നേറ്റു.

നിങ്ങളുടെ അമ്മയുടെ പേര് ലീലാമ്മ എന്നല്ലേ?

അതെ, തികച്ചും ശരി.

ലീലാമ്മ അസുഖം ബാധിച്ച് ആശുപത്രിയിലല്ലേ?

വളരെ ശരി. കഠിനമായ പ്രമേഹരോഗം മൂലം കാലിനുണ്ടായ പഴുപ്പ് ഭേദമാകാതെ വന്നപ്പോൾ ലീലാമ്മയുടെ കാല് മുറിച്ചു മാറ്റേണ്ടതായി വന്നു. ഇപ്പോൾ എറണാകുളം അമൃത ആശുപത്രിയിൽ കിടക്കുകയാണ്.

ഇതാ ദൈവം ലീലാമ്മയെ വിടുവിക്കുന്നു.

പെരുത്ത സന്തോഷം. അങ്ങനെ ലീലാമ്മയുടെ കാര്യം ഓഖേ.

ജനമെല്ലാം വണ്ടറടിച്ചു. ഇത്ര വലിയ ഒരു വീര്യപ്രവൃത്തി യിസ്രായേലിൽ പോലും ഉണ്ടായതായി അറിവില്ല. സാമച്ചൻ കള്ളനാണെന്ന് ഡിഫെൻഡർ പറയുന്നത് പച്ചക്കള്ളമാണെന്ന് ഇതാ തെളിയുന്നു.

യോഗം കഴിഞ്ഞ് ഈ അത്ഭുത വിടുതലിന്റെ സാക്ഷ്യം പറയാൻ ലത സ്റ്റേജിൽ എത്തുമെന്ന് ജനം പ്രതീക്ഷിച്ചെങ്കിലും അതുണ്ടായില്ല. അതിഭയങ്കരമായ നന്ദിഹീനതതന്നെ. ലതയേയും ഭർത്താവിനേയും നേരിട്ടറിയാവുന്നവർക്ക് സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവരെ നേരിൽ കണ്ട് പ്രതിഷേധം അറിയിച്ചു. അപ്പോഴാണ് അത്ഭുതത്തിന്റെ കള്ളി വെളിച്ചത്തായത്. ലതയും ഭർത്താവും പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

ലതയുടെ അമ്മയായ ലീലാമ്മയുടെ കാല് മുറിച്ച് ആശുപത്രിയിൽ കിടക്കുകയായിരുന്നു എന്നത് ശരിതന്നെ. സാമച്ചൻ ദുബായിൽ എത്തിയതറിഞ്ഞ് ഇവർ അദ്ദേഹത്തെ തങ്ങളുടെ ഭവനത്തിലേക്ക് ക്ഷണിച്ചു വരുത്തി. കാര്യമെല്ലാം വിശദീകരിച്ച് പറഞ്ഞു. സാമച്ചൻ ഉച്ചത്തിൽ പ്രാർത്ഥിച്ചു. രോഗത്തെ ഉഗ്രമായി ഭർസിച്ചു. രോഗം മാറിയതായി പ്രഖ്യാപിക്കുകയും ചെയ്തു. പിന്നീട് ഈ കുടുംബം സാമച്ചന്റെ കൺവെൻഷന് വന്നു. ഇവർ പ്രസംഗം കേട്ടിരിക്കുന്നത് സാമച്ചൻ കണ്ടു. അങ്ങനെയാണ് പേരുവിളിക്കലും രോഗശാന്തി ശുശ്രൂഷയും മറ്റും നടത്തിയത്. അതുകൊണ്ട് ലതയുടേയും ലീലാമ്മയുടേയും പേര് വിളിച്ചതിൽ



അത്ഭുതമൊന്നുമില്ല. സ്റ്റേജിൽ എത്തി സാക്ഷ്യം പറയാതിരുന്നത് ഈ കാരണത്താലത്രേ.

സത്യം മനസ്സിലാക്കിയ വിശ്വാസികളുടെ കണ്ണ് തള്ളിപ്പോയി. സാമച്ചൻ ഇത്ര വലിയ തട്ടിപ്പ് നടത്തുമെന്ന് കരുതിയില്ല.

എന്നിട്ട് ലീലാമ്മയുടെ രോഗം സൗഖ്യമായോ? അതല്ലേ ഏറെ ദു:ഖകരം. ലീലാമ്മയെ ദൈവം സൗഖ്യമാക്കിയിരിക്കുന്നു എന്ന് സാമച്ചൻ ദുബായിൽ പ്രഖ്യാപിച്ച് ഏതാനും മണിക്കൂർ കഴിഞ്ഞപ്പോൾ ലീലാമ്മ അമൃത ആശുപത്രിയിൽ മരിച്ചു.

ഡിഫെൻഡർ ഇതൊക്കെ പറയുന്നതുകൊണ്ട് വിശേഷിച്ച് ഗുണമൊന്നും ഉണ്ടാകില്ല എന്ന് അറിയാം. സാമച്ചൻ കള്ളനാണെന്ന് തെളിവ് സഹിതം പറഞ്ഞാലും അതൊക്കെ കേട്ടില്ലെന്നു നടിച്ച് സാമച്ചനെ സ്വീകരിക്കാനും പ്രവചനം കേൾക്കാനും പ്രസംഗിപ്പിക്കാനും കൈമടക്ക് കൊടുക്കാനും ഒക്കെ ആളുണ്ടാകും. എങ്കിലും സത്യാന്വേഷികളുടെ അറിവിലേക്ക് ഇത്രയും എഴുതുകയാണ്.

# മോഷണായി കുഴയുന്നു

മോഷണായിയുടെ കാര്യം ഈയിടെയായി ബഹു കഷ്ടത്തിലാണ്. മാസം തോറും അവാർഡുകൾ കൊടുത്ത് അഷ്ടിക്കുള്ള വഹ കണ്ടെത്തിയിരുന്ന ഈ ചങ്ങാതിക്ക് ഡിഫെൻഡറിന്റെ ശല്യം കാരണം ഇപ്പോൾ അവാർഡ് കൊടുക്കാനാവാത്ത സ്ഥിതിയായി. അല്പം കൂടി കൃത്യമായി പറഞ്ഞാൽ അവാർഡ് വാങ്ങാൻ ആളെ കിട്ടുന്നില്ല എന്നതാണ് സത്യം.

പി.എ.വി.സാമിനും ഉമ്മൻ ചാണ്ടിക്കും അവാർഡ് കൊടുത്തിട്ട് മാസങ്ങൾ നിരവധിയായി. അതിനുശേഷം ഒരു അവാർഡ് കൊടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. അവാർഡ് വാഗ്ദാനവുമായി നിരവധി പ്രമുഖരെ സമീപിച്ചെങ്കിലും മോഷണായിയുടെ അവാർഡ് വാങ്ങി പുലിവാല് പിടിക്കാൻ ആരും തയ്യാറായില്ല.

എത്ര രൂപയുടെ അവാർഡാണോ വേണ്ടത് അത്രയും രൂപ മോഷണായിക്ക് കൊടുക്കുക എന്നതാണ് ആദ്യപടി. കുറഞ്ഞ തുക 25,000 രൂപയാണ്. ഉയർന്ന പരിധി ഇല്ല. പണം കിട്ടിക്കഴിഞ്ഞാൽ മോഷണായി അവാർഡ് പ്രഖ്യാപിക്കും. ഫലകവും പ്രശസ്തിപത്രവും തയ്യാറാക്കും. അവാർഡ് ദാനം കെങ്കേമമായി നടത്തും. ഫലകവും പ്രശസ്തിപത്രവും നൽകും. അവാർഡ് തുകയ്ക്കുള്ള ചെക്ക് നൽകുന്ന കവറിൽ വെള്ളക്കടലാസ് മാത്രമേ ഉണ്ടാകൂ എന്ന് മോഷണായിയും അവാർഡ് വാങ്ങുന്ന ആളും മാത്രമേ അറിയൂ. (അതൊക്കെ അദ്യം തന്നെ പറഞ്ഞ് ഒത്തിട്ടുള്ളതാണല്ലോ). പത്രമായ പത്രമെല്ലാം വാർത്ത കൊടുക്കും. പത്രത്തിലൂടെ പ്രശസ്തി കിട്ടിയതിൽ അവാർഡ് ജേതാവിനും ചെലവ് കഴിച്ച് നല്ലൊരു തുക പോക്കറ്റിൽ എത്തിയതുകൊണ്ട് മോഷണായിക്കും സന്തോഷം. പക്ഷേ ഈ തട്ടിപ്പിനെതിരെ ഡിഫെൻഡർ എഴുതാൻ തുടങ്ങിയതോടെ അവാർഡ് വാങ്ങാൻ ആളില്ലാതായി.



# ഒഴിയാബാധകൾ

മന്ത്രവാദപ്രയോഗങ്ങൾ നടത്തി ഭൂതബാധ ഒഴിപ്പിക്കുന്ന രീതി നിലവിലുണ്ട്. പക്ഷേ ചില ബാധകൾ എന്തെല്ലാം കൂടോത്രം ചെയ്താലും ഒഴിയില്ല. ഒഴിയാബാധകൾ എന്നാണ് ഇത്തരം ബാധകളെ വിളിക്കുന്നത്. പെന്തക്കോസ്തിലെ ചില പാസ്റ്റർമാർ ഒഴിയാബാധകളാണ്. ട്രാൻസ്ഫർ കൊടുത്താലും സകല വിശ്വാസികളും ചേർന്ന് ഗറ്റൗട്ട് അടിച്ചാലും ബാധകൾ ഇറങ്ങില്ല.

മറ്റൊരു തൊഴിലും കിട്ടാത്തതുകൊണ്ട് ഉപദേശിപ്പണിക്ക് ഇറങ്ങിയവരാണ് പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷം. അവർക്ക് സുവിശേഷവേല ഉപജീവനത്തിനുള്ള മാർഗ്ഗം മാത്രമാണ്. അതുകൊണ്ട് നല്ല വരുമാനമുള്ള സഭ കിട്ടിയാൽ പിന്നെ അവർ അവിടെനിന്ന് ഇറങ്ങില്ല.

ഒരു സ്ഥലംമാറ്റ സീസൺ കഷ്ടിച്ച് കഴിഞ്ഞതേയുള്ളൂ. സ്ഥലംമാറ്റ ഉത്തരവ് എത്തിയിട്ടും ഇറങ്ങാൻ കൂട്ടാക്കാത്ത നൂറു കണക്കിന് പാസ്റ്റർമാർ ഇക്കൊല്ലവും ഉണ്ടായി. സഭയിൽ ഒരു വിഭാഗത്തിന്റെ സഹായത്തോടെയാണ് ചിലർ പിടിച്ചു നിൽക്കുന്നതെങ്കിൽ മറ്റു ചിലർക്ക് ആരുടേയും പിൻതുണയില്ല.

സ്വതന്ത്രമായിരിക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിയിണക്കി സംഘടനകൾ ഉണ്ടാക്കിയതും ഈ സംഘടനകളാണ് സഭ എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഭരണം നടത്തുന്നതും വചനവിരുദ്ധമാണെന്നതിന് രണ്ടുപക്ഷമില്ല. പക്ഷേ ഈ സംഘടനകളെ അംഗീകരിക്കുന്നവർക്ക് സംഘടനയുടെ നിയമങ്ങൾ അനുസരിക്കാനുള്ള കടപ്പാടുണ്ട്. അതിന് തയ്യാറല്ലാത്തവർ സ്വയം അധ്വാനിച്ച് സഭയുണ്ടാക്കി ഭരണം നടത്താൻ തയ്യാറാകണം.

ഒരു സഭയിൽ മൂന്നു വർഷം ശുശ്രൂഷ ചെയ്താൽ സ്ഥലം മാറണമെന്നാണ് സാധാരണയായുള്ള ചട്ടം. ഉന്നതങ്ങളിൽ പിടിപാടുള്ളവർക്ക് ഈ നിയമങ്ങളൊന്നും ബാധകവുമല്ല. ഉദാഹരണത്തിൽ കെ.സി.ജോണും കെ.സി.തോമസും മറ്റും തങ്ങളുടെ സഭയിൽ നിന്ന് ചത്തു മാറുകയേയുള്ളൂ. എങ്കിലും സാധാരണക്കാരായ പാസ്റ്റർമാർ സംഘടനയോടുള്ള ബന്ധത്തിൽ പ്രവർത്തിക്കുന്നതിനാൽ നേതൃത്വത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കണം. അതിന് തയ്യാറല്ലാത്തവർ പെന്തക്കോസ്ത് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കരുത്. സ്വതന്ത്രമായി ദൈവവേല ചെയ്യണം.

പക്ഷേ ഇതൊന്നുമല്ല ഇപ്പോൾ നടക്കുന്നത്. നല്ല വരുമാനമുള്ള സഭയിൽ ഒന്നോ രണ്ടോ വർഷം തികച്ചു കഴിഞ്ഞാൽ അവിടെ കടിച്ചു തൂങ്ങാനുള്ള വഴി പാസ്റ്റർ ആലോചിക്കും. സഭയിലുള്ള പ്രമാണിമാരെ വശത്താക്കുകയാണ് സാധാരണയായി ചെയ്തുവരുന്നത്. മൂന്നു വർഷം ആകുമ്പോൾ പാസ്റ്റർ മാറിക്കാണാൻ വിശ്വാസികളിൽ പലരും ആഗ്രഹിക്കും. അതോടെ പ്രശ്നം ആരംഭിക്കും. പാസ്റ്ററെ മാറ്റണമെന്ന് ഒരു കൂട്ടർ. ഉടനെയൊന്നും മാറ്റുന്നില്ലെന്ന് മറുപക്ഷം. ഇരുപക്ഷവും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തും. കേസ്സും വഴക്കും ഉണ്ടാകും. ദൈവനാമം ദേശത്ത് ദുഷിക്കും. പക്ഷേ ആരും വിട്ടുകൊടുക്കുകയില്ല. ആരെങ്കിലും ജയിക്കും.

സ്ഥലംമാറ്റം കിട്ടിയാലും പിടിച്ചു നിൽക്കുന്നതിലൂടെ പാസ്റ്റർ എന്താണ് നേടുന്നതെന്ന് ഒരു പിടിയും കിട്ടുന്നില്ല. പണമാണ് ലക്ഷ്യമെങ്കിൽ പ്രശ്നമുണ്ടാക്കി പിടിച്ചു നിൽക്കുന്ന പാസ്റ്റർക്ക് പഴയതുപോലെ പണം കിട്ടുകയില്ലെന്ന് തീർച്ച. എന്തെങ്കിലും നല്ലപേര് ഉണ്ടെങ്കിൽ അത് പോകുകയും ചെയ്യും. പിന്നെന്തിനാണ് ഈ കോലാഹലമൊക്കെ ഉണ്ടാക്കുന്നത്?

സംഘടനയും സ്ഥലംമാറ്റവും മറ്റും ദൈവീക പദ്ധതിയിലുള്ളതല്ല. എങ്കിലും ഇവയൊക്കെ ഇപ്പോൾ നിലവിലുണ്ട്. ദൈവവചനപ്രകാരമുള്ള സ്വതന്ത്ര പ്രാദേശിക സഭകൾ ഉണ്ടാക്കുകയാണ് ശാശ്വതമായ പോംവഴി. എങ്കിലും അത് അത്ര എളുപ്പം സാധിക്കാവുന്ന കാര്യമല്ല. അതുകൊണ്ട് സംഘടനയുമായി ബന്ധപ്പെട്ട് നിൽക്കുന്നവർ നേതൃത്വത്തെ അനുസരിക്കണം. സ്ഥലംമാറ്റം കിട്ടിയാൽ കോലാഹലമുണ്ടാക്കി പിടിച്ച് നിൽക്കരുത്.




# ഡിഫെൻഡർ മറുപടി പറയുന്നു

**?** പുനർജൻമം എന്നൊന്നുണ്ടോ? പുനർജൻമത്തെ സാധൂകരിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതായി പലപ്പോഴും വാർത്തകൾ ഉണ്ടാകാറുണ്ടല്ലോ.

■ പുനർജൻമം എന്നൊന്നില്ല. ലോകരഹസ്യങ്ങൾ തേടിയിറങ്ങിയവർ ഉണ്ടാക്കിയെടുത്ത ഒരു സിദ്ധാന്തം മാത്രമാണ് പുനർജൻമം എന്നത്. ഭാരതത്തിൽ ഉത്ഭവിച്ച മതങ്ങൾ പുനർജ്ജൻമത്തിൽ വിശ്വസിക്കുന്നു എന്നു മാത്രം. ഇതിന് ശാസ്ത്രീയമായ തെളിവുകളൊന്നും ഇല്ല.

പുനർജൻമത്തെ സാധൂകരിക്കുന്ന നിരവധി വാർത്തകൾ പ്രചരിക്കാറുണ്ടെന്നത് ശരി തന്നെ. അഞ്ചോ പത്തോ വയസ്സുള്ള ഏതെങ്കിലും ഒരു കുട്ടി മരിച്ചുപോയ മറ്റൊരാളുടെ പുനർജൻമമാണ് താൻ എന്ന് പറയുന്നതോടെയാണ് കഥ ആരംഭിക്കുന്നത്. ഉദാഹരണത്തിന് കോട്ടയം സ്വദേശിയായ രാമൻ എന്നു പേരുള്ള ഒരു അഞ്ചു വയസ്സുകാരൻ കൊല്ലത്തു ജീവിച്ചിരുന്ന ചന്ദ്രനാണ് താൻ എന്ന് പറയുന്നു. ആദ്യമൊന്നും അത് ആരും ഗൗരവത്തിൽ എടുക്കുകയില്ല. പക്ഷേ കുട്ടി നിരന്തരം ഈ കാര്യം പറയുമ്പോൾ ഇതേപ്പറ്റി അന്വേഷിക്കാൻ ചിലരെങ്കിലും തയ്യാറാകും. കുട്ടി പറയുന്ന വഴിയിലൂടെ അന്വേഷിച്ച് ചെല്ലുമ്പോൾ കാര്യം സത്യമാണെന്ന് വ്യക്തമാകും. ചന്ദ്രൻ എന്നു പേരുള്ള ഒരാൾ ഏതാനും വർഷം മുൻപ് അവിടെ ജീവിച്ചിരുന്നു. കുട്ടിയെ കൊല്ലത്ത് കൊണ്ടുപോയാൽ അവൻ ചന്ദ്രന്റെ ബന്ധുമിത്രാദികളെ തിരിച്ചറിയും. ചന്ദ്രൻ രഹസ്യമായി വച്ചിരുന്ന എന്തെങ്കിലുമൊക്കെ സാധനങ്ങൾ എടുത്തുകൊണ്ടു വരികയും ചെയ്യും. മരിച്ചുപോയ ചന്ദ്രൻ ജീവിച്ചു വന്നാൽ എന്തൊക്കെ നടക്കുമോ അതൊക്കെയാകും രാമൻ എന്ന കുട്ടി ചെയ്യുക. മാത്രമല്ല രാമൻ സ്വന്തം വീട്ടിലേക്ക് മടങ്ങിപ്പോകുവാൻ മടിക്കുകയും ചെയ്യും. ഇതൊക്കെ കാണുമ്പോൾ ആരും വിശ്വസിച്ചുപോകും. പുനർജൻമം ഉണ്ടെന്ന് ഉറപ്പിച്ചും തറപ്പിച്ചും പറയുകയും ചെയ്യും.

എന്താണ് ഇതിന് ഒരു വിശദീകരണം? ദൈവവചന വെളിച്ചത്തിൽ ഇതിന് എന്തു മറുപടി പറയും? പ്രധാനമായി രണ്ടു മറുപടികളാണ് പറയാനുള്ളത്.

1. ഇത്തരം സംഭവങ്ങൾ നടന്നതായി പത്രങ്ങളിലും മറ്റും വരുന്ന വാർത്തകളിൽ നല്ലൊരുപങ്ക് പച്ചക്കള്ളമാണ്. ഈ സംഭവങ്ങളുടെ വിശദാംശങ്ങൾ അറിയാനായി പത്രം ഓഫീസിലേക്ക് വിളിച്ചാൽ വ്യക്തമായ മറുപടി കിട്ടുകയില്ല. എങ്കിലും അച്ചടിച്ചു വരുന്നതെല്ലാം സത്യമാണെന്ന് കരുതുന്ന സാധാരണക്കാർ ഇവയൊക്കെ ചോദ്യം ചെയ്യാതെ വിശ്വസിക്കുന്നു എന്നു മാത്രം.

2. യഥാർത്ഥത്തിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ട് എന്ന് സങ്കല്പിച്ചുകൊണ്ട് മറുപടി പറയാം. ദൈവവചന വിരുദ്ധമായി നാം എന്തു വിശ്വസിച്ചാലും അത് സത്യമാണെന്ന് വരുത്തിത്തീർക്കുന്നത് സാത്താന് സന്തോഷമുള്ള കാര്യമാണ്. സത്യം മനുഷ്യനെ സ്വതന്ത്രനാക്കും. അതുകൊണ്ട് ഭോഷ്ക്ക് സത്യമാക്കാതെ സാത്താന് നിലനിൽപ്പില്ല.

ഉദാഹരണമായി, വിഗ്രഹത്തിന് വിശേഷിച്ച് ശക്തിയില്ല. അതുകൊണ്ട് വിഗ്രഹത്തോട് പ്രാർത്ഥിച്ചാൽ ഫലം ഉണ്ടാകുകയുമില്ല. പക്ഷേ വിഗ്രഹത്തോട് പ്രാർത്ഥിച്ച് അത്ഭുതഫലം ലഭിച്ച നൂറുനൂറ് അനുഭവങ്ങളുണ്ട്. അവ എങ്ങനെ സംഭവിക്കുന്നു? ഇരുപതു നൂറ്റാണ്ടു മുൻപ് മരിച്ച മറിയത്തോട് ഈ ഭൂമിയിൽ ഇരുന്ന് പ്രാർത്ഥിച്ചാൽ അത് മറിയത്തിന് കേൾക്കാൻപോലും ആവില്ല. പക്ഷേ മറിയത്തോടു പ്രാർത്ഥിച്ച് ഫലമുണ്ടായ ആയിരക്കണക്കിന് അനുഭവങ്ങളുണ്ട്.

എങ്ങനെയാണ് സാത്താൻ ഈ വിധത്തിൽ ജനവഞ്ചന നടത്തുന്നത്? വിഗ്രഹത്തോടോ മറിയത്തോടോ പ്രാർത്ഥിക്കുമ്പോൾ സാത്താൻ പ്രാർത്ഥന കേൾക്കുകയും മറുപടി നൽകുകയും ചെയ്യും. പ്രാർത്ഥന ഫലിച്ചതുകൊണ്ട് ജനം വിഗ്രഹത്തിലും മറിയത്തിലും മറ്റും വിശ്വസിക്കാൻ ഇടയാകുന്നു. ജനം സത്യം ഗ്രഹിച്ച് സ്വാതന്ത്ര്യം നേടുന്നത് തടയാൻ സാത്താന് ഇതുമൂലം കഴിയുന്നു.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നിടത്തും ചിലപ്പോൾ സാത്താൻ ഈ വിധത്തിൽ അത്ഭുതം പ്രവർത്തിക്കാറുണ്ട്. തന്നെ ഒരുവട്ടം നമസ്ക്കരിച്ചാൽ ഈ ലോകം മുഴുവൻ കൊടുക്കാമെന്ന് സാത്താൻ കർത്താവായ യേശുക്രിസ്തുവിനോട് പറയുകയുണ്ടായി. ദുരുപദേശം വിശ്വസിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്ക് ലോകം മുഴുവൻ കൊടുത്തില്ലെങ്കിലും കുറെ സാമ്പത്തിക നൻമയൊക്കെ കൊടുക്കാൻ സാത്താൻ തയ്യാറാകും. ഇങ്ങനെ സാമ്പത്തിക ഉയർച്ച ഉണ്ടാകുന്നതോടെ സമൃദ്ധിയുടെ സുവിശേഷം സത്യമാണെന്ന് ജനം വിശ്വസിക്കാൻ ഇടയാകും. ഇങ്ങനെ സത്യോപദേശത്തിൽ നിന്ന് ജനത്തെ അകറ്റാൻ സാത്താന് കഴിയുന്നു.

പുനർജൻമം സത്യമാണെന്ന് ജനം വിശ്വസിക്കുന്നത് സാത്താന് സന്തോഷമുള്ള കാര്യമാണ്. ഇതു മാത്രമല്ല ദൈവവചന വിരുദ്ധമായി ജനം ഏന്തു വിശ്വസിക്കുന്നതും സാത്താന് ഇഷ്ടം തന്നെ. പുനർജൻമം എന്നൊന്നുണ്ടെങ്കിൽ ബൈബിൾ തെറ്റാണെന്നും ഇന്ത്യൻ മതങ്ങൾ പറയുന്നത് ശരിയാണെന്നും വ്യക്തമാകും. ബൈബിൾ തെറ്റാണെങ്കിൽ യേശുക്രിസ്തുവിലൂടെ മാത്രം ലഭിക്കുന്ന രക്ഷ എന്നൊന്നില്ലാതാകും. നിരവധി ജൻമങ്ങളിലൂടെ കടന്ന് ഏവർക്കും മോക്ഷം കിട്ടുകയും ചെയ്യും. രക്ഷ എന്നതിനു പകരം മോക്ഷം എന്നതാകും നമ്മുടെ പ്രത്യാശ. പുനർജൻമം സത്യമാണെന്നു തെറ്റിദ്ധരിപ്പിക്കാൻ കഴിഞ്ഞാൽ സാത്താന് വലിയ നേട്ടമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് പുനർജൻമവുമായി ബന്ധപ്പെട്ട് കള്ളക്കഥകളുണ്ടാക്കാൻ സാത്താന് സന്തോഷമേ ഉണ്ടാകൂ.

പുനർജൻമം സത്യമാണെന്ന് തെളിയിക്കുന്നതെങ്ങനെ? താൻ മറ്റൊരാളുടെ പുനർജൻമമാണെന്ന് അവകാശപ്പെടുന്ന കുട്ടിയുടെ ശരീരത്തിൽ ഒരു ദുരാത്മാവ് ഉണ്ടായിരിക്കും. ഈ ദുരാത്മാവ് മരിച്ചുപോയ വ്യക്തിയുടെ ശരീരത്തിൽ ഉണ്ടായിരുന്നതാകും. ഉദാഹരണത്തിന് ചന്ദ്രന്റെ ശരീരത്തിൽ ഉണ്ടായിരുന്ന ദുരാത്മാവ് പിന്നീട് രാമന്റെ ശരീരത്തിൽ കയറുന്നു. ചന്ദ്രനേക്കുറിച്ച് ഈ ദുരാത്മാവിന് എല്ലാ കാര്യങ്ങളും അറിയാവുന്നതുകൊണ്ട് ചന്ദ്രന്റെ ബന്ധുമിത്രാദികളെ രാമന് തിരിച്ചറിയുന്നതിനോ ചന്ദ്രൻ ഒളിച്ചുവെച്ച സാധനങ്ങൾ കണ്ടെടുത്ത് കൊടുക്കുന്നതിനോ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. മരിച്ചുപോയ ചന്ദ്രൻ തിരിച്ചു വന്നാൽ എങ്ങനെയിരിക്കുമോ അങ്ങനെ അഭിനയിക്കാൻ ഈ ദുരാത്മാവിന് ബുദ്ധിമുട്ടുണ്ടാകയില്ല. ചന്ദ്രനെ കണ്ടിട്ടുപോലുമില്ലാത്ത ഒരു ദുരാത്മാവിന് ആവശ്യത്തിനുള്ള ട്രെയിനിംഗ് കൊടുത്ത് ചന്ദ്രനായി വേഷം കെട്ടിച്ച് വിട്ടാലും കാര്യങ്ങൾ ഈ വിധത്തിൽ തന്നെ സംഭവിക്കും. ഏതു വിധത്തിലായാലും ചന്ദ്രന്റെ പുനർജൻമമാണ് രാമൻ എന്നു തെളിയിക്കാൻ കഴിഞ്ഞാൽ സാത്താൻ ജയിക്കും.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: മരിച്ചുപോയ വ്യക്തിയുടെ ആത്മാവിന് ഭൂമിയിലേക്ക് മടങ്ങിവരാനോ മറ്റൊരാളായി ജനിക്കാനോ സാദ്ധ്യമല്ല. പക്ഷേ പുനർജൻമം എന്നൊന്നുണ്ട് എന്ന് തെളിയിക്കേണ്ടത് സാത്താന്റെ ആവശ്യമാണ്. അതിനായി സാത്താൻ മരിച്ചുപോയ വ്യക്തിയുടെ ശരീരത്തിലുണ്ടായിരുന്ന ദുരാത്മാവിനെ മരിച്ചുപോയ വ്യക്തിയായി അയയ്ക്കും. ചിലപ്പോൾ ഏതെങ്കിലും ഭൂതത്തെ വേഷം കെട്ടിച്ച് അയച്ചെന്നും വരാം. രണ്ടിൽ ഏതു വിധത്തിലായാലും ഈ ദുരാത്മാവ് മരിച്ചുപോയ വ്യക്തിയായി അഭിനയിക്കും. അതുകണ്ട് ജനം പുനർജൻമത്തിൽ വിശ്വസിക്കാൻ ഇടയാകും. ജനത്തെ വഴിതെറ്റിക്കാനുള്ള ഒരു സാത്താന്യതന്ത്രമാണിത്.

# പെനിയേലിൽ സ്ത്രീപീഡനം?

സ്ത്രീപീഡനം എന്നു കേട്ടയുടൻ ബലാൽസംഗം എന്ന് ധരിക്കരുത് എന്ന് പ്രാരംഭത്തിൽ തന്നെ പറയട്ടെ. പീഡിപ്പിക്കപ്പെടുന്നവർ സ്ത്രീകളായതുകൊണ്ട് സ്ത്രീപീഡനം എന്ന് പറയുന്നു എന്നേയുള്ളൂ. പീഡിപ്പിക്കുന്നതും സ്ത്രീ തന്നെ: വനിതകളുടെ വാർഡനായ മോളി.

എറണാകുളം ജില്ലയിലെ കീഴില്ലത്തുള്ള പെനിയേൽ ബൈബിൾ സെമിനാരിയിലെ വിദ്യാർത്ഥിനികളാണ് വാർഡനായ മോളിയുടെ ക്രൂരമായ പീഡനത്തിന് ഇരയാകുന്നത്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളോടെന്നപോലെയോ മനുഷ്യസ്ത്രീകളോടെന്നപോലെയോ അല്ല മൃഗങ്ങളോടെന്നപോലെയാണ് മോളി പെനിയേലിലെ വിദ്യാർത്ഥിനികളോട് പെരുമാറുന്നത്. ഈ രാക്ഷസിയുടെ പീഡനം സഹിക്കവയ്യാതെ പല പെൺകുട്ടികളും പഠിപ്പ് മതിയാക്കി തിരിച്ചുപോയിക്കഴിഞ്ഞു. മറ്റുളളവർ എല്ലാം സഹിച്ച് അവിടെ കഴിഞ്ഞുകൂടുന്നു.

ഇവിടെ പഠിക്കുന്ന ചില വിദ്യാർത്ഥിനികൾ ഡിഫെൻഡറിനെ അറിയിച്ച സംഗതികൾ തത്ക്കാലം പുറത്തു പറയുന്നില്ല. നല്ല നിലയിൽ നടന്നുവരുന്ന ഒരു സ്ഥാപനത്തിന് ദുഷ്പ്പേര് ഉണ്ടാക്കുവാൻ ഡിഫെൻഡർ ആഗ്രഹിക്കുന്നില്ല എന്നതുതന്നെ കാരണം. എന്നാൽ മോളിയെ നിലയ്ക്കു നിർത്താൻ വേണ്ടപ്പെട്ടവർ തയ്യാറാകുന്നില്ലെങ്കിൽ ഡിഫെൻഡറിന് പലതും തുറന്നു പറയേണ്ടതായി വരും. അത് ഒഴിവാക്കുകയാണ് ബുദ്ധി.

(മോളിയുടെ അസുഖം വലിയ ബുദ്ധിമുട്ട് കൂടാതെ മാറ്റാവുന്നതാണ്. തക്ക സമയത്ത് വിവാഹം നടക്കാതായാൽ ചില സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങളേ മോളിക്കും ഉള്ളൂ. അതുകൊണ്ട് നല്ല ആരോഗ്യമുള്ള ഒരാളെ കണ്ടുപിടിച്ച് മോളിയെ കെട്ടിച്ചു കൊടുത്താൽ പാവപ്പെട്ട വിദ്യാർത്ഥിനികൾ രക്ഷപ്പെടും).

# ശാരോൻ പുകയുന്നു

ശാരോൻ ഫെലോഷിപ്പിൽ നിന്ന് ഉപജാപകത്തിന്റെ പുക നിരന്തരം പൊങ്ങിക്കൊണ്ടിരിക്കയാണ്. എന്തും സംഭവിക്കാമെന്നതാണ് സ്ഥിതി.

ടി.ജികോശിക്കുശേഷം ടി.പി.ഏബ്രഹാം ശാരോന്റെ പ്രസിഡന്റാകുന്നത് തടയാനുള്ള ശ്രമമാണ് പ്രശ്നങ്ങൾക്ക് വഴി വെച്ചിരിക്കുന്നത്. ഒരാൾ മരണം വരെ പ്രസിഡന്റായി തുടരുന്ന രീതി അവസാനിപ്പിക്കണമെന്നും ഒരു നിശ്ചിത വർഷങ്ങളിൽ അധികം ഒരേവ്യക്തി പ്രസിഡന്റായിരിക്കാൻ പാടില്ല എന്നുമാണ് ഭൂരിപക്ഷം കൗൺസിൽ അംഗങ്ങളുടേയും വാദം. ഈ നിർദ്ദേശത്തിന് സ്വീകാര്യത ലഭിച്ചാൽ ടി.പിയുടെ മോഹങ്ങൾ വാടിക്കരിയും. അതുകൊണ്ട് ടി.പി. അരയും തലയും മുറുക്കി രംഗത്ത് ഇറങ്ങിയിരിക്കയാണ്. സഹായത്തിന് കൂടെ കൂട്ടാൻ കൊണ്ടുവന്ന കുട്ടപ്പന് ആലുവാ സഭയിൽ പ്രവേശനം കിട്ടാതെ പോയത് ടി.പിക്ക് തിരിച്ചടിയായെങ്കിലും പ്രതീക്ഷ കൈവിട്ടിട്ടില്ല.

ആലുവ സഭയിൽ തെക്കുനിന്നുള്ള ഒരു പാസ്റ്ററെ കൊണ്ടുവരാനാണ് മദ്ധ്യതിരുവിതാംകൂറിലുള്ള ശാരോൻ നേതാക്കൻമാരുടെ ശ്രമം. തങ്ങളുടെ ഒരു വിശ്വസ്തനെ ആലുവയിൽ പാസ്റ്ററാക്കിയാൽ ടി.പിയുടെ നീക്കങ്ങൾ യഥാസമയം അറിയുവാനും മുൻകരുതൽ എടുക്കാനും കഴിയുമെന്ന് അവർ കണക്കുകൂട്ടുന്നു. പക്ഷേ തെക്കുനിന്നുള്ള ഒരു പാസ്റ്റർ ആലുവാ ശാരോനിൽ പാസ്റ്ററാകുന്നത് തടയാനും തന്റെ വിശ്വസ്തനായ ഒരാളെ അവിടെ നിയമിക്കാനും ടി.പി ശ്രമിക്കുന്നുമുണ്ട്. ഏതായാലും ശാരോനിൽ കടുകട്ടിയായ ഉപജാപകങ്ങൾ നടക്കുകയാണ്. ആര് ജയിക്കുമെന്ന് പ്രവചിക്കാനാവാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്.

# അച്ചൻകുഞ്ഞ് ഇലന്തൂരിനും ഗൂഢാലോചനയിൽ പങ്ക്

ടി.എസ്.ഏബ്രഹാമിനേയും വൽസനേയും അട്ടിമറിക്കാൻ കെ.സി.ജോൺ ഒരു അമേരിക്കൻ മലയാളിയുടേയും കെ.പി.കുര്യൻ, ഏബ്രഹാം ഷാജി എന്നിവരുടേയും സഹായത്തോടെ നടത്തിയ നീക്കത്തിൽ മരുപ്പച്ചയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂരിനും പങ്കുണ്ടെന്ന് വ്യക്തമായി. കെ.പി.കുര്യനുമായി ഒരു ഒത്തുതീർപ്പ് ഉണ്ടാക്കി ആമല്ലൂർ ഐ.പിസിയിലെ പ്രശ്നം പരിഹരിക്കുന്നതിന് തടസ്സം നിൽക്കുന്നത് ടി.എസ്.ഏബ്രഹാമും വൽസനുമാണ്. അതുകൊണ്ടാണ് അച്ചൻകുഞ്ഞ് ഇലന്തൂർ ഈ ഗൂഢാലോചനയിൽ പങ്കുചേർന്നത്.

കെ.സി.ജോണും അച്ചൻകുഞ്ഞ് ഇലന്തൂരും തമ്മിൽ ചക്കരയും തേങ്ങയും പോലുള്ള ബന്ധമാണുള്ളത്. കെ.സി.ജോണിനെ ഐ.പി.സിയുടെ പ്രസിഡന്റാക്കിയത് താനാണ് എന്നത്രേ അച്ചൻകുഞ്ഞ് പറയുന്നത്. ഏതായാലും കെ.സി.ജോണിനേക്കുറിച്ച് പറയുമ്പോൾ അച്ചൻകുഞ്ഞിന് ആയിരം നാവാണ്. (സംശയമുള്ളവർ മെയ് 20 ലക്കം മരുപ്പച്ചയുടെ എഡിറ്റോറിയൽ ഒരുവട്ടം വായിക്കുക).

അടുത്ത കാലം വരെ ടി.എസ്.ഏബ്രഹാമിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനായിരുന്ന കെ.പി.കുര്യനെ ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കിയതോടെയാണ് ആമല്ലൂർ സഭയിൽ പ്രശ്നം ആരംഭിച്ചത്. ടി.എസ്.ഏബ്രഹാമുമായി പോരാടി ജയിക്കാൻ കുര്യന് കഴിയുകയില്ല എന്ന ധാരണയിൽ അച്ചൻകുഞ്ഞ് കുര്യന് എതിരായ നിലപാടെടുത്തു. കുര്യനെ മാറ്റി പുതിയ പാസ്റ്ററെ നിയമിച്ചു കിട്ടാൻ നേതൃത്വത്തെ സമീപിക്കയും ചെയ്തു. പുതിയ പാസ്റ്ററെ അനുവദിച്ച് കിട്ടിയെങ്കിലും കുര്യൻ സഭാഹാൾ വിട്ടുകൊടുക്കാതിരുന്നതിനാൽ പാസ്റ്റർക്ക് സഭ ഏറ്റെടുക്കാൻ കഴിഞ്ഞില്ല. അതോടെ അച്ചൻകുഞ്ഞിന്റെ നേതൃത്വത്തിൽ ഒരു സംഘം പുറത്തുപോകുകയും തങ്ങളാണ് യഥാർത്ഥ ആമല്ലൂർ ഐ.പി.സി എന്ന് പ്രഖ്യാപിക്കയും ചെയ്തു. പക്ഷേ ഈ വിദ്യയൊന്നും ഫലം കണ്ടില്ല. കെ.പി.കുര്യൻ ഇപ്പോഴും ആമല്ലൂർ സഭയുടെ പാസ്റ്ററാണ്. ഈ സ്ഥിതി ഏറെക്കാലം തുടർന്നാൽ അച്ചൻകുഞ്ഞിനോടൊപ്പമുള്ളവർ കുര്യനോടൊപ്പം ആകുമെന്ന് അച്ചൻകുഞ്ഞിന് അറിയാം. കുര്യനുമായി ഒരു ഒത്തുതീർപ്പുണ്ടാക്കാമെന്ന് വച്ചാൽ അതിന് ടി.എസ്സ്.ഏബ്രഹാം വഴങ്ങുന്നുമില്ല. അതുകൊണ്ടാണ് അട്ടിമറിക്ക് അച്ചൻകുഞ്ഞും കൂട്ടുനിൽക്കുന്നത്.




# മാത്യൂസ് മടങ്ങുന്നു



അമേരിക്കയിലുള്ള നൂറു കണക്കിന് പമ്പരവിഡ്ഢികളെ കബളിപ്പിച്ച് തട്ടിയെടുത്ത ലക്ഷങ്ങളുമായി മാത്യൂസ് ലൂക്കോസ് എന്ന അന്തർദ്ദേശീയ തട്ടിപ്പുവീരൻ ഉടൻ കോട്ടയത്ത് മടങ്ങിയെത്തുമെന്ന് അറിയുന്നു. മൂന്നു മാസം മുൻപാണ് മാത്യൂസ് അമേരിക്കയിലേക്ക് പോയത്.

അമേരിക്കയിൽ പോകുന്നതിനു മുൻപ് മാത്യൂസ് യു.എ.ഇയിൽ എത്തിയിരുന്നു. പക്ഷേ ഡിഫെൻഡർ വായിക്കുന്നവർ അവിടെ ഉള്ളതുകൊണ്ട് അവിടെ തട്ടിപ്പ് നടത്താൻ കഴിഞ്ഞില്ല. മാത്രമല്ല ഡിഫെൻഡറിന്റെ എഡിറ്ററായ റ്റി.എസ്.ബാലൻ ആ സമയത്ത് യു.എ.യിൽ ഉണ്ടായിരുന്നു. അതുകൊണ്ട് ഏതാനും ദിവസം കഴിഞ്ഞ് മാത്യൂസ് തിരികെപ്പോന്നു.

അന്യരെ കബളിപ്പിച്ച് ഉണ്ടാക്കുന്ന പണംകൊണ്ടാണ് ഈ കളളൻ ജീവിക്കുന്നത്. ഗൾഫ് പരിപാടി പൊളിഞ്ഞതോടെ മാത്യൂസ് അങ്കലാപ്പിലായി. അങ്ങനെയാണ് അമേരിക്കയിലേക്ക് പോകാനുള്ള പദ്ധതി തയ്യാറാക്കിയത്.

മാത്യൂസിന്റെ സഹോദരനായ സജി ലൂക്കോസ് (മിഷൻ ഇന്ത്യ) അമേരിക്കയിലുള്ളതുകൊണ്ട് കാര്യങ്ങൾ എളുപ്പമായി. സജിയുടെ സഹോദരനെന്ന ലേബലിൽ അമേരിക്കയിൽ ചുറ്റിയടിച്ച് ഡോളർ വാരിക്കൂട്ടി. അമേരിക്കയിലെ ഭൂരിപക്ഷം പെന്തക്കോസ്തുകാരും ഡിഫെൻഡർ വായിക്കാറില്ല. അതുകൊണ്ട് മാത്യൂസ് ഗംഗയിൽ മുങ്ങിയതും രുദ്രാക്ഷം ഇട്ടതും കാവിയുടുത്തതും മറ്റും അറിഞ്ഞതുമില്ല. അങ്ങനെ നല്ലൊരു തുക സമ്പാദിച്ചുകൊണ്ട് മാത്യൂസ് മടങ്ങുകയാണ്. (അമേരിക്കയിലെ വിഡ്ഢികളേ, നിങ്ങൾക്ക് ഹാ കഷ്ടം).

# നെല്ലിക്കുന്ന് ഐ.പി.സി. ചീഞ്ഞു നാറുന്നു

തൃശൂർ ജില്ലയിലെ നെല്ലിക്കുന്ന് ഐ.പി.സി സഭ അക്ഷരാർത്ഥത്തിൽ നാറുകയാണ്. പെന്തക്കോസ്തുകാരനെന്നു കേട്ടാൽ പൊതുജനം കാറിത്തുപ്പുന്ന സ്ഥിതിയാണ് ഇപ്പോൾ അവിടെയുള്ളത്.

തൃശൂർ ജില്ലയിലെ സെന്ററുകൾ വിഭജിക്കാൻ കുമ്പനാട്ടുനിന്നും എത്തിയ സംഘത്തിന് നെല്ലിക്കുന്നിൽ ലഭിച്ച സ്വീകരണം ഏതു വിധത്തിൽ ഉള്ളതായിരുന്നു എന്ന് മുൻപൊരു ലക്കത്തിൽ വിവരിച്ചിരുന്നല്ലോ. സഭാഹാൾ പൂട്ടി പാസ്റ്റർ സ്ഥലം വിട്ടതുകൊണ്ട് വിഭജനക്കാർ നടുറോഡിൽ നിന്ന് വിഭജനം ആരംഭിച്ചു. സംഗതി കൈവെയ്പ്പിന്റെ വക്കോളം എത്തിയപ്പോൾ നാട്ടുകാർ ഇടപെട്ട് ചർച്ച അവസാനിപ്പിച്ചു. പക്ഷേ ഈ പ്രശ്നം അവിടെ ഇപ്പോഴും പുകയുകയാണ്.

പാസ്റ്ററാണ് പ്രധാന വില്ലൻ. ഈ ചങ്ങാതി ഒരു തെരുവുഗുണ്ടയേപ്പോലെയാണ് പെരുമാറുന്നത്. ഒപ്പം കുറെ ചെറുകിട ഗുണ്ടകളുമുണ്ട്. മറുപക്ഷവും ശക്തമാണ്. എന്തിനും ഏതിനും തയ്യാറായി അവരും രംഗത്തുണ്ട്. സഭായോഗങ്ങൾ ചന്തയേക്കാൾ കഷ്ടമാണ്. ആർക്കും എന്തും ആകാമെന്ന സ്ഥിതി. ഈ സഭയിലും കുറെ ദൈവമക്കളുണ്ട്. അവർ ഒരു പക്ഷത്തുമില്ല. അതുകൊണ്ട് ഇരുപക്ഷവും ചേർന്ന് അവരെ പീഡിപ്പിക്കയാണ്.



# അജ്ഞന്റെ അഭിനന്ദനം അസ്സലായി

മരുപ്പച്ച ദ്വൈവാരികയുടെ എഡിറ്ററായ അച്ചൻകുഞ്ഞ് ഇലന്തൂർ കെ.സി.ജോണിന്റെ പവ്വർ വിഷനെ അഭിനന്ദിച്ച് മുഖപ്രസംഗം എഴുതിയിരിക്കുന്നു. ആരും അഭിനന്ദിച്ചുപോകുന്നത്ര നല്ല പ്രോഗ്രാമാണ് പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുന്നത്. അതുകൊണ്ട് അച്ചൻകുഞ്ഞെന്നല്ല അതിലും വലിയ ശുംഭനും അഭിനന്ദിച്ചുപോകും.

എന്തൊക്കെയാണ് ചവറിലെ പ്രോഗ്രാമുകൾ? പറയാം. വൈകിട്ട് പത്തുമണിക്ക് മുല്ലക്കരയുടെ കത്തോലിക്കാമത പ്രചരണം. 11ന് തങ്കുവിന്റെ കോക്കാംപീച്ചി. ഇവ രണ്ടുമാണ് സ്ഥിരം പരിപാടി. ബാക്കിയുള്ള സമയത്ത് എന്തൊക്കെ ഉണ്ടാകുമെന്ന് പറയാനാവില്ല. 24 മണിക്കൂർ ഉള്ളതിൽ 20 മണിക്കൂറും തനിയാവർത്തനം. കത്തോലിക്കന്റെ പാട്ട്, ഓർത്തഡോക്സുകാരന്റെ അന്യദൈവാരാധന, മാർത്തോമ്മാക്കാരന്റെ ദുരുപദേശം ... അങ്ങനെ പോകുന്നു പരിപാടികൾ.

മാരാമൺ കൺവെൻഷൻ കാക്കത്തൊള്ളായിരം വട്ടം കാണിച്ചുകഴിഞ്ഞു. പൂവത്തൂർ കൺവെൻഷന്റെ കാര്യവും മേല്പടിതന്നെ.

കെ.സി.ജോണിന്റെ സൊറയാണ് മറ്റൊരു മുഖ്യ പരിപാടി. കെ.സി.ജോൺ ചെത്ത് സ്റ്റൈലിൽ വേഷമിട്ടിരുന്ന് വെറുതെ സൊറപറയുന്നു. സൂര്യനു കീഴിലുള്ള ഏതു വിഷയത്തേക്കുറിച്ചും ഈ ചങ്ങാതി സംസാരിക്കും. അല്പം പഴങ്കഞ്ഞി കുടിച്ചിട്ടാണ് സംഭാഷണം ആരംഭിക്കുക. സംസാരത്തിനിടയിൽ ഇദ്ദേഹം ഉറങ്ങുന്നുമുണ്ട്.

ശ്രീമാൻ അജ്ഞനൻകുഞ്ഞിന് ഇതിൽ ഏതു പ്രോഗ്രാമാണ് ഇഷ്ടമായത്? സൊറയാണോ? തങ്കുവിന്റെ കലാപരിപാടിയാണോ? ഒരുപക്ഷേ മുല്ലക്കരയുടെ കത്തോലിക്കാമതപ്രചരണമായിരിക്കാം.

സത്യസുവിശേഷം ഒഴികെ എന്തും അച്ചൻകുഞ്ഞിന് ഇഷ്ടമാണ്. വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയതൊന്നും അച്ചൻകുഞ്ഞിന്റെ സുവിശേഷത്തിൽ ഇല്ല. കത്തോലിക്കാമതം ഉൾപ്പെടെ എന്തും അജ്ഞന് സ്വീകാര്യം. പ്രമുഖ കത്തോലിക്കാമത പ്രചാരകനായ ബെന്നി പുന്നത്തറ മരുപ്പച്ചയുടെ അവിഭാജ്യ ഘടകമാണ്. അച്ചൻകുഞ്ഞിന്റെ ഓഫീസിൽ മദർ തെരേസയുടെ രണ്ടു ചിത്രങ്ങൾ വെച്ചിട്ടുണ്ട്. കത്തോലിക്കാ ബിഷപ്പിന് അനുമോദനം പറയാനും അച്ചൻകുഞ്ഞ് മുൻപന്തിയിൽ ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള ഒരാൾക്ക് ചവർ ചാനലിന്റെ സുവിശേഷം ഇഷ്ടമായതിൽ അത്ഭുതമില്ല.

ഒരു പുസ്തകമോ പത്രമോ ചാനലോ ഇഷ്ടപ്പെടാനും ഇഷ്ടപ്പെടാതിരിക്കാനും ഒക്കെ നമുക്ക് സ്വാതന്ത്ര്യമുണ്ട്. പക്ഷേ വ്യാജപ്രചരണം നടത്തുന്നത് അംഗീകരിക്കാനാവില്ല. പവ്വർ വിഷൻ ഇഷ്ടപ്പെടുന്നവരുണ്ടാകാം. പട്ടിയും പന്നിയും മറ്റും അമേദ്ധ്യം അമൃതുപോലെ ഭക്ഷിക്കാറുണ്ടല്ലോ. പക്ഷേ ചവറിൽ സത്യസുവിശേഷമാണ് പ്രസംഗിക്കപ്പെടുന്നത് എന്ന് അച്ചൻകുഞ്ഞ് പറഞ്ഞാൽ എതിർക്കേണ്ടതായി വരും. കാരണം, ചവറിൽ വളരെ അപൂർവ്വമായി മാത്രമേ സത്യസുവിശേഷം പ്രസംഗിക്കപ്പെടുന്നുള്ളൂ. ഈ ചാനലിലൂടെ പ്രചരിക്കുന്നത് സുവിശേഷമല്ല അപകടകരമായ ദുരുപദേശമാണ്.

എന്താണ് സത്യസുവിശേഷം? ഈ ചോദ്യത്തിന് ഓരോരുത്തരും തങ്ങൾക്കു ബോധിച്ച ഉത്തരമാകും പറയുക. കെ.സി.ജോണും അച്ചൻകുഞ്ഞും ഐ.പി.സിക്കാരാണ്. അതുകൊണ്ട് ഐ.പി.സിയുടെ നിലപാടാണ് ഇവർ സ്വീകരിക്കേണ്ടത്. ഐ.പി.സിയുടെ നിലപാട് എന്താണ് എന്ന് അന്വേഷിച്ച് അലയേണ്ട കാര്യമില്ല. കാരണം, അത് ഐ.പി.സിയുടെ ഭരണഘടനയിൽ തന്നെ വ്യക്തമായി പറയുന്നുണ്ട്. ആ ഉപദേശത്തിന് അനുസൃതമാണ് ചവറിന്റെ പ്രവർത്തനമെങ്കിൽ പ്രശ്നമില്ല.

ആദ്യമായി ഐ.പി.സിയുടെ ഭരണഘടനയിൽ പറയുന്ന ഉപദേശങ്ങൾ ഒരുവട്ടം വായിക്കുക. വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ സുപ്രധാന വിഷയങ്ങളേക്കുറിച്ച് ഐ.പി.സി എന്താണ് വിശ്വസിക്കുന്നതെന്ന് ശ്രദ്ധിക്കുക. ഈ ഉപദേശത്തിന് അനുസൃതമാണോ ചവറിലെ പരിപാടികൾ? അല്ലെന്നു വ്യക്തം.

ഐ.പി.സിയുടെ നിലപാടാണ് ശരിയെങ്കിൽ ചവർ ചാനലിലെ ഭൂരിപക്ഷം പരിപാടികളും ദുരുപദേശപ്രചരണമാണ് നടത്തുന്നത്. കത്തോലിക്കാമതം ഉൾപ്പെടെയുള്ളവ പ്രചരിപ്പിക്കുന്നവർക്ക് ഉപദേശവിശുദ്ധിയേക്കുറിച്ച് പറയാനാവില്ലല്ലോ.

അച്ചൻകുഞ്ഞിന് ചവർ ചാനൽ ഇഷ്ടപ്പെടും. കാരണം അച്ചൻകുഞ്ഞ് രക്ഷിക്കപ്പെട്ടവനല്ല. സത്യസുവിശേഷം എന്തെന്ന് അച്ചൻകുഞ്ഞിന് അറിഞ്ഞുകൂടാ. പെന്തക്കോസ്തുകാരന്റെ മുഖംമൂടി അണിഞ്ഞു നടക്കുന്ന കള്ളനാണ് അച്ചൻകുഞ്ഞ്. ഇതുപോലൊരു കള്ളനാണ് കെ.സി. ജോൺ. അതുകൊണ്ട് കെ.സി. ജേണിന്റെ മഹത്വം പാടിപ്പുകഴ്ത്താൻ അച്ചൻകുഞ്ഞിന് മടിയുണ്ടാകില്ല.

അച്ചൻകുഞ്ഞ് പറയുന്നു: ''സുവിശേഷം പ്രചരിപ്പിക്കാൻ ഒരു ചാനൽ. കേട്ടവർക്കെല്ലാം അത്ഭുതം. ചിലർ പരിഹസിച്ചു. ചിലർ വിമർശിച്ചു''.

സുവിശേഷം പ്രചരിപ്പിക്കാൻ ചാനൽ തുടങ്ങിയ ആദ്യത്തെ വ്യക്തിയാണ് കെ.സി. ജോൺ എന്നുതോന്നും ഈ ബഡായി കേട്ടാൽ. ടി.വി ചാനൽ സുവിശേഷീകരണത്തിനായി ഉപയോഗിക്കുന്നത് തെറ്റാണെന്ന് വിവരദോഷികൾ മാത്രമേ പറയൂ. ടി.വി എന്നല്ല എല്ലാ മാദ്ധ്യമങ്ങളും സുവിശേഷപ്രചരണത്തിനായി ഉപയോഗിക്കാം. അതിൽ തെറ്റൊന്നുമില്ല. പക്ഷേ സുവിശേഷപ്രചരണമല്ല കെ.സി.ജോണിന്റെ ലക്ഷ്യമെന്ന് ബുദ്ധിയുള്ളവർക്കെല്ലാം അറിയാമായിരുന്നു. അതുകൊണ്ട് സുവിശേഷസ്നേഹികൾ കെ.സി.ജോണിന്റെ പദ്ധതിയെ എതിർത്തു. ഇത് തട്ടിപ്പാണെന്ന് തുറന്നുപറഞ്ഞു. അവർ പറഞ്ഞത് ശരിയായിരുന്നെന്ന് കാലം തെളിയിക്കയും ചെയ്തു. കെ.സി ജോണിന്റെ ചാനലിൽ സുവിശേഷം ഒഴികെയുള്ളതെല്ലാം ഉണ്ട്.

അച്ചൻകുഞ്ഞ് തുടരുന്നു: ''ദൈവം എന്നെ ഈ ശുശ്രൂഷയ്ക്ക് നിയോഗിക്കുന്നു. എനിക്കൊന്നും അറിയില്ല. പണവും സ്വാധീനവും കഴിവുമില്ല. എങ്കിലും എനിക്കിതിൽ നിന്നും പിൻമാറിക്കൂടാ. ഏറെ ആലോചിച്ചതിനുശേഷമാണ് ഞാൻ പ്രാർത്ഥിച്ച് ഈ തീരുമാനമെടുത്തത്''. ഇങ്ങനെ കെ.സി.ജോൺ പറഞ്ഞത്രേ. പറഞ്ഞുകാണും. ദൈവം പറഞ്ഞിട്ടാണ് ചെയ്യുന്നത് എന്നു പറഞ്ഞുകൊണ്ടാണ് ഭൂരിപക്ഷം കള്ളൻമാരും ഇപ്പോൾ തോന്ന്യാസങ്ങൾ കാണിക്കുന്നത്. ടി.വി ചാനൽ തുടങ്ങാൻ ദൈവം പറഞ്ഞു എന്നു കേട്ടാൽ വിശ്വസിക്കുന്ന പമ്പര വിഡ്ഢികൾ ഏറെയുണ്ട്. അതുകൊണ്ട് കെ.സി ജോണിന് ഏറെ പണം കിട്ടി. ആകെ 25 കോടി രൂപ വേണമെന്നും അതിന്റെ മൂന്നിൽ ഒന്ന് സൗദിയിൽ നിന്ന് കിട്ടിയെന്നും ആരംഭകാലത്തു തന്നെ കെ.സി.ജോൺ വ്യക്തമാക്കിയിരുന്നു. പക്ഷേ കണക്കിൽ ഇതൊന്നും കാണാനില്ല. 23 ലക്ഷം രൂപ കൈക്കൂലി കൊടുത്ത് ഇളയ മകന് തമിഴ്നാട്ടിൽ എം.ബി.ബി.എസ്സിന് അഡ്മിഷൻ വാങ്ങിയതും മറ്റും ചാനലിന്റെ കണക്കിൽ എഴുതാൻ പറ്റില്ലല്ലോ.

ചാനൽ തുടങ്ങിയതിനേക്കുറിച്ച് അജ്ഞൻ പറയുന്നതിങ്ങനെ: ''അക്ഷരാർത്ഥത്തിൽ എല്ലാ ബാലാരിഷ്ടതകളോടും കൂടിയാണ് പവ്വർ വിഷൻ വന്നത്.'' ഇപ്പോൾ സ്ഥിതിക്ക് ഭേദം വന്നു എന്നുതോന്നും ഈ ഭാഗം വായിച്ചാൽ. ചാനൽ തുടങ്ങിയ ദിവസം സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയ പരിപാടികൾ ഇപ്പോഴും കാണാം. അലീനയും സണ്ണി സ്റ്റീഫനും പള്ളിയും പട്ടക്കാരനും ഗിറ്റാറുമായി നടക്കുന്ന ഹിപ്പികളും എല്ലാം പഴയപടിയുണ്ട്. ഇവയൊക്കെ ബാലാരിഷ്ടതയല്ല ജാത്യാലുള്ളതാണ്. അവയൊന്നും തുത്താൽ പോകില്ല.

''ഈ ചാനലിന്റെ അന്ത്യം കുറിച്ച് ഗണകൻമാരുടെ കണക്കുകൂട്ടലെല്ലാം തെറ്റിയെന്നുവേണം കരുതാൻ. ഇത്രത്തോളം കർത്താവ് സഹായിച്ചു'' എന്നാണ് അജ്ഞന്റെ ജല്പനം. വിവരദോഷിയായ അജ്ഞൻകുഞ്ഞ് ഒരുകാര്യം മനസ്സിലാക്കണം: ഏങ്ങിവലിഞ്ഞ് 16 മാസം പ്രവർത്തിച്ചു എന്നതുകൊണ്ട് ചാനൽ ചിരഞ്ജീവിയായി എന്ന് കരുതേണ്ട. ഏറെയൊന്നും മുൻപോട്ട് പോകാനാവാത്ത സ്ഥിതിയിലാണ് ചാനൽ ഇപ്പോൾ. ഗൾഫിൽ നിന്ന് കിട്ടാവുന്നത്ര പിരിച്ചാണ് ഇത്രയും കാലം പിടിച്ചുനിന്നത്. ഇപ്പോൾ അമേരിക്കയിൽ നിന്ന് പിരിക്കാൻ ശ്രമിക്കുന്നു. അതുകൂടി കഴിഞ്ഞാൽ ചാനലിന്റെ കഥ കഴിയും. ഇതു മനസ്സിലാക്കാൻ ഗണകനാകണമെന്നില്ല, സാമാന്യ ബുദ്ധിമതി.

''കെ.സി.ജോൺ ഒരു ബിസിനസ്സ് കാരനോ മികച്ച അഡ്മിനിസ്ട്രേറ്ററോ ഒന്നുമല്ല. വേദികളിൽ നന്നായി വചനം പ്രസംഗിക്കും. ജനത്തിന് ദിശാബോധം കൊടുക്കും'' എന്നൊക്കെയാണ് അച്ചൻകുഞ്ഞ് പുലമ്പുന്നത്. കെ.സി.ജോൺ ഒന്നാംതരം വ്യഭിചാരിയും കള്ളനുമാണ്. വേദിയിൽ നിന്ന് വിവരക്കേട് പറയും. വിവരംകെട്ടവരെ ഇളക്കും. കെ.സി.ജോണിന് ദിശാബോധമില്ല. പിന്നെങ്ങനെ ഇയാൾ മറ്റുള്ളവർക്ക് ദിശാബോധം നൽകും?

അച്ചൻകുഞ്ഞ് എത്ര ശ്രമിച്ചാലും കെസി.ജോണിനെ വെള്ളപൂശാനാവില്ല. ഐ.പി.സി എന്ന പ്രസ്ഥാനം ആത്മീയമായി അധഃപതിച്ചു കഴിഞ്ഞതുകൊണ്ട് കെ.സി.ജോണിന് ഐ.പി.സിയുടെ പ്രസിഡന്റായിരിക്കാൻ കഴിയുന്നു. പക്ഷേ പെന്തക്കോസ്ത് എന്നു പറയുന്നത് ഐ.പി.സി മാത്രമാണ് എന്ന് അച്ചൻകുഞ്ഞ് കരുതരുത്. എല്ലാ വിശ്വാസികളും വിഡ്ഢികളാണെന്നും ധരിക്കരുത്.

അച്ചൻകുഞ്ഞിനേപ്പോലുള്ള വൈതാളികർ എത്ര പാടിപ്പുകഴ്ത്തിയാലും ചവർ എന്നും ചവറായിരിക്കും. ചവറിൽ സുവിശേഷമില്ല, അളിഞ്ഞു നാറുന്ന ശവങ്ങളേയുള്ളൂ. കാലക്രമത്തിൽ അത് പുഴുത്തു നാറും. അന്ന് അച്ചൻകുഞ്ഞിനേപ്പോലുള്ള ചുമട്ടുകാരും നാറും.

എന്തിനാണ് അച്ചൻകുഞ്ഞ് ഇത്ര വിഷമിച്ച് മുഖസ്തുതി എഴുതിയത്? അത് അച്ചൻകുഞ്ഞുതന്നെ പറയുന്നുണ്ട്: ''കൂടുതൽ പണം വേണം''. അതാണ് സംഗതി. ഈയിടെയായി പണം കിട്ടുന്നില്ല. പണമില്ലാതെ ചാനൽ നടത്താനാവില്ലല്ലോ. പണം കിട്ടണമെങ്കിൽ ചാനലിൽ ഒന്നാംതരം സുവിശേഷമാണുള്ളത് എന്ന് വരുത്തിത്തീർക്കണം. അതിനുള്ള തന്ത്രമാണ് മരുപ്പച്ചയുടെ അഭിനന്ദനം.

എല്ലാവരേയും കുറേക്കാലവും കുറേപ്പേരെ എല്ലാക്കാലവും കബളിപ്പിക്കാം. പക്ഷേ എല്ലാവരേയും എല്ലാക്കാലത്തും കബളിപ്പിക്കാനാവില്ല. സുവിശേഷപ്രചരണത്തിനാണ് ചാനൽ എന്നുപറഞ്ഞ് എല്ലാവരേയും കെ.സി.ജോൺ കബളിപ്പിച്ചു. ഈ കള്ളം പറഞ്ഞ് കുറേപ്പേരെ എല്ലാക്കാലത്തും കബളിപ്പിക്കാനും പണം തട്ടാനും കഴിയും. പക്ഷേ എല്ലാവരും ഈ തട്ടിപ്പിൽ എന്നും വീഴുമെന്ന് കരുതരുത്. ചവർ ചാനൽ സാത്താന്റെ കൈകളിലാണെന്ന വസ്തുത വിവേചനവരമുള്ള ദൈവമക്കൾക്ക് മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല.

സത്യവിശ്വാസികളുടെ വേഷത്തിൽ നടക്കുന്ന നിരവധി കള്ളൻമാർ പെന്തക്കോസ്തിലുണ്ട്. അവരിൽ ഒരാളാണ് അച്ചൻകുഞ്ഞ് ഇലന്തൂർ. ഇയാളുടെ തനിനിറം തിരിച്ചറിയാൻ സാധുക്കളായ വിശ്വാസികൾക്ക് കഴിയുന്നില്ല. അതുകൊണ്ട് ഈ കള്ളൻ ഇന്നും പെന്തക്കോസ്തുകാരനായി വിലസുന്നു.


# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒരിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ബാന്ദ്ര ശാരോനിൽ ശാപം പൊട്ടിച്ചു

ബോംബെയിലെ ബാന്ദ്ര ഈസ്റ്റ് ശാരോൻ സഭയിൽ മെയ് 21 മുതൽ 27 വരെ ശാപം പൊട്ടിക്കൽ നടന്നു. ഇതേപ്പറ്റി മനോരമയുടെ ബോംബെ എഡിഷനിൽ വന്ന വാർത്ത ഇതാണ്:

''ബാന്ദ്ര ഈസ്റ്റ് ശാരോൺ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 21 മുതൽ 27 വരെ ഉപവാസപ്രാർത്ഥന നടക്കും. കഴ്സ് ബ്രേക്കിംഗ്, ഇന്നർ ഹീലിംഗ്, സ്പിരിചൽ വാർഫെയർ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ശുശ്രൂഷകൾ നടക്കും. രോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കും. മുഖ്യ പ്രസംഗകൻ: പാസ്റ്റർ ബെന്നി വർഗീസ്. വിവരങ്ങൾക്ക്: 9892464500.''

സംഗതി അസ്സലായി എന്ന് പറയാതെ വയ്യ. ഈ ഉപവാസം കഴിഞ്ഞതോടെ അവിടത്തെ വിശ്വാസികളുടെ ശാപമൊക്കെ പൊട്ടിയെന്നും അവർ നല്ല മിടുക്കൻമാരായി മാറിയെന്നും കരുതാം.

ശാപം എന്നാൽ എന്ത് എന്ന് സ്ഥലം സഭയുടെ പാസ്റ്റർ പലരോടും വിശദീകരിച്ചു. സ്ത്രീകൾ ഇപ്പോഴും വേദനയോടെ മക്കളെ പ്രസവിക്കുന്നു. നിലത്ത് മുള്ളും ഞെരിഞ്ഞിലും മുളയ്ക്കുന്നു. വിട്ടുമാറാത്ത രോഗങ്ങളുണ്ടാകുന്നു. വന്ധ്യത ഉണ്ടാകുന്നു. ഇതൊക്കെ ശാപത്തിന്റെ ലക്ഷണമാണ്. ഇത്തരം ശാപങ്ങൾ പൊട്ടണമെങ്കിൽ വെറുതെ രക്ഷിക്കപ്പെട്ടാൽ പോരാ. ശാപം പൊട്ടിക്കാൻ കഴിവുള്ള ശുശ്രൂഷകൻമാരുടെ പ്രാർത്ഥനയാൽ ശാപം പ്രത്യേകമായി പൊട്ടിക്കണം. അതിന് കഴിവുള്ള ആളാണ് പാസ്റ്റർ ബെന്നി വർഗീസ്.

ആരാണ് ഈ ബെന്നി വർഗീസ് എന്ന് അറിഞ്ഞുകൂടാ. പുതിയ ഇറക്കുമതിയാണെന്ന് തോന്നുന്നു. ഏതായാലും ഈ ഉപവാസ പ്രാർത്ഥന കഴിഞ്ഞതോടെ ബാന്ദ്രയിലുള്ള ശാപം ആകെ പൊട്ടിക്കാണുമെന്നു കരുതാം. ഇനി അവിടെയുള്ള സ്ത്രീകൾക്ക് പ്രസവവേദന കൂടാതെ പ്രസവിക്കാം. വന്ധ്യത ഉണ്ടാകില്ല. വിട്ടുമാറാത്ത രോഗങ്ങൾ ഉണ്ടാകില്ല. മുള്ളും ഞെരിഞ്ഞിലും ആ പ്രദേശത്ത് മുളക്കില്ല. സംഗതി കൊള്ളാം.

പക്ഷേ ബാന്ദ്രയിലുള്ളവർ ദയവായി ഒരു കാര്യം ചെയ്യണം. ഈ യോഗത്തിൽ പങ്കെടുത്ത് ശാപം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്ത ഏതെങ്കിലും സ്ത്രീ ഇനി എന്നെങ്കിലും പ്രസവവേദന അനുഭവിച്ചാൽ, അവരിൽ ആരെങ്കിലും വന്ധ്യകളായാൽ, മാറാരോഗങ്ങളുണ്ടായാൽ, മുള്ളും ഞെരിഞ്ഞിലും ആ ദേശത്ത് മുളച്ചാൽ, ഈ ഉപവാസത്തിന് നേതൃത്വം കൊടുത്ത പാസ്റ്ററെന്ന ശാപത്തെ കരണം അടിച്ചു പൊട്ടിച്ച് ആ ദേശത്തുനിന്ന് നീക്കണം.

# കള്ളപ്രവാചകനായ ബിനുവിനെ സൂക്ഷിക്കുക

ബിനു എന്ന കള്ളപ്രവാചകനെ സൂക്ഷിക്കുക. അന്യന്റെ ഭാര്യയെ തട്ടിക്കൊണ്ടു പോകുന്നതിൽ വിദഗ്ദ്ധനാണിയാൾ. ഈ മാന്യദേഹം ഇപ്പോൾ ഇൻഡോറിന് സമീപമുള്ള രെത്തിലാം എന്ന സ്ഥലത്താണ് കലാപരിപാടി നടത്തുന്നത്. ആളിനെ പിടി കിട്ടാത്തവർക്ക് എളുപ്പം മനസ്സിലാക്കാനുള്ള ഒരു അടയാളം പറയാം: ഏതാനും ആഴ്ച മുൻപ് പത്തനാപുരത്ത് ഒരു വൃദ്ധ പിതാവിനേയും ചെറുമകളേയും കെട്ടിടം പണിക്കെത്തിയ തമിഴ്നാട്ടുകാരുമായ ചില കള്ളൻമാർ അടിച്ചു കൊന്നതായി വാർത്ത ഉണ്ടായിരുന്നല്ലോ. കൊല്ലപ്പെട്ട ആ കുട്ടിയുടെ പിതാവാണ് ബിനു എന്ന ഈ കള്ളപ്രവാചകൻ.

ഭാര്യയും കുട്ടികളുമുള്ള ഇയാൾക്ക് ഇൻഡോറിലുള്ള ഒരു നെഴ്സുമായി അവിഹിത ബന്ധമുണ്ടായിരുന്നു. ഏതാനും വർഷം മുൻപ് ഈ നെഴ്സിനെ നിലമ്പൂരുള്ള ഒരു പാസ്റ്റർ വിവാഹം കഴിച്ചു. ഏറെ താമസിയാതെ ബിനുവും ശുശ്രൂഷ നിലമ്പൂരിലേക്ക് മാറ്റി. ഈ കഥകളൊന്നും അറിയാതെ ആ പാവം പാസ്റ്റർ ബിനുവിനെ നിരന്തരം ശുശ്രൂഷക്ക് വിളിച്ചു. ഏറെ കഴിഞ്ഞാണ് ബിനുവിന്റെ ശുശ്രൂഷ പാസ്റ്റർക്ക് പിടികിട്ടിയത്. അതോടെ ബിനു സഭയിൽ വരുന്നത് പാസ്റ്റർ വിലക്കി. പക്ഷേ നെഴ്സ് ഇടഞ്ഞു. വഴക്കായി. ഒടുവിൽ നെഴ്സ് ഇൻഡോറിലേക്ക് മടങ്ങി. പിന്നാലെ ബിനുവും ഇൻഡോറിലെത്തി. അവിടെ ഇരുവരും ഇപ്പോൾ ശുശ്രൂഷ പൊടിപൊടിക്കുകയാണ്.

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# ഡിഫെൻഡറിന് സ്നേഹപൂർവ്വം

(ഡിഫെൻഡർ ഓഫീസിൽ ലഭിക്കുന്ന കത്തുകൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്ന പതിവില്ല. എങ്കിലും ഇത്തവണ രണ്ടു കത്തുകൾ പ്രസിദ്ധീകരിക്കയാണ്. കത്തെഴുതിയവരുടെ അനുവാദം കൂടാതെയാണ് ഈ കത്തുകൾ പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ട് കത്തെഴുതിയവരുടെ പേരും വിലാസവും രഹസ്യമാക്കി വയ്ക്കുന്നു.)

**ഒന്നാമത്തെ കത്ത്:**

കർത്താവിൽ പ്രിയ സഹോദരൻ ബാലന് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ഡിഫെൻഡർ ചില ലക്കം കാണുവാൻ ഇടയായി. ആരോപണ വിധേയരാകുന്നവർ പ്രതികരിച്ച് കുറ്റവിമുക്തരാകുവാൻ ശ്രമിക്കാത്തിടത്തോളം കാലം പത്രികയിൽ എഴുതുന്ന കാര്യങ്ങൾ വിശ്വസിക്കാതിരിക്കാൻ വയ്യ. എനിക്കെതിരെ ആരെങ്കിലും കുറ്റാരോപണം നടത്തിയാൽ ഒന്നുകിൽ ഞാൻ സത്യം തെളിയിക്കും. അല്ലെങ്കിൽ മാനനഷ്ടക്കേസ്സ് കൊടുക്കും. ഇവ രണ്ടും കുറ്റാരോപണ വിധേയരായവർ ചെയ്യുന്നില്ല. അതുകൊണ്ട് ഡിഫെൻഡർ ഉന്നയിക്കുന്ന ആരോപണം ശരിയാണെന്ന് വിശ്വസിക്കേണ്ടതായിവരുന്നു.

പെന്തക്കോസ്ത് ഉപദേശത്തിലും മാതൃകാജീവിതത്തിലും വിശ്വസിക്കുന്ന ഞാൻ ഈ പ്രസ്ഥാനത്തിന്റെ അപചയത്തിലും ഭിന്നതയിലും ദ്രവ്യാഗ്രഹത്തിലും ദു:ഖിക്കുന്നു. ബൈബിൾ സ്ക്കൂളുകളിൽ നിന്ന് പഠിച്ചിറങ്ങുന്ന എല്ലാം തികഞ്ഞ വേദപണ്ഡിതർ ഒരു ഭാഗത്ത്. മൂക്കില്ലാ രാജ്യത്തെ മുറിമൂക്കൻ രാജാക്കൻമാരായ അദ്ധ്യാപകൻ മറുഭാഗത്ത്. ഈ രണ്ടു കൂട്ടരും വേദപുസ്തകം തെറ്റായി വ്യാഖ്യാനിക്കുന്നു.

ഒരു പ്രബന്ധം തയ്യാറാക്കുമ്പോൾ അതിനൊരു ബിബ്ലിയോഗ്രാഫി ഉണ്ടായിരിക്കും. എന്നാൽ നമ്മുടെ ഇടയിൽ ഏറിയപങ്ക് ആളുകളും ഒരു പുസ്തകം എഴുതിയാലോ പ്രസംഗിച്ചാലോ അവരുപയോഗിച്ച ആശയങ്ങൾ എവിടെനിന്നാണെന്ന് സൂചിപ്പിക്കാറില്ല. റഫറൻസ് ഗ്രന്ഥങ്ങളോ ബൈബിൾ കമന്ററികളോ ഇല്ലായിരുന്നെങ്കിൽ പലരുടേയും സ്ഥിതി കഷ്ടമായേനേം.

കുറെയേറെ എതിർക്രിസ്തുക്കളെ നമ്മുടെ വേദശാസ്ത്രജ്ഞൻമാർ ഇതിനകം ഉണ്ടാക്കിക്കഴിഞ്ഞു. ഒരു ഇറാൻ-ഇറാഖ് അല്ലെങ്കിൽ ഇറാഖ്-കുവൈറ്റ് യുദ്ധം നടന്നാൽ പ്രവചന പുസ്തകങ്ങളിലേക്ക് ഊളിയിടുകയായി. നൂറുകോടിയിൽ അധികം അക്രൈസ്തവരുള്ള ഭാരതത്തെ കാണാതെ ആത്മദാഹവുമായി വിദേശത്തേക്ക് പോകുന്നു.

വിചിത്രമായ ഒരു ദർശനത്തേക്കുറിച്ച് ഡിഫെൻഡറിൽ കണ്ടു. ഇതിന് അനുബന്ധമായി ഒരു സംഭവം പറയാം. പ്രസംഗകൻ ദാനിയേൽ-വെളിപ്പാട് പുസ്തക വ്യാഖ്യാനങ്ങളിൽ അഗ്രഗണ്യനായ ഒരു റവയാണ്. ആശയങ്ങൾ സ്വന്തമെന്ന നിലയിൽ അവതരിപ്പിക്കയും ചെയ്യുന്നു. നമ്മുടെ കർത്താവിന് ആയിരം ദിവസം ഒരു ദിവസം പോലെയാണല്ലോ. അതനുസരിച്ച് ആറായിരം വർഷം കഴിഞ്ഞാൽ, അതായത് കർത്താവിന്റെ ആറു ദിവസം കഴിഞ്ഞാൽ, ഏഴാം ദിവസമായ ശബതാകും. അതുകൊണ്ട് എ.ഡി.2000 തികയുമ്പോൾ സഹസ്രാബ്ദം ആരംഭിക്കും. അതിനു മുൻപ് ഏഴു വർഷത്തെ മഹാപീഡനകാലം ഉണ്ടാകണം. അതുകൊണ്ട് 1993ൽ കർത്താവ് വരും.

ഒരു മുഖ്യധാരാ പെന്തക്കോസ്ത് സഭയുടെ നേതാവും കരവാളൂർ സ്വദേശിയുമാണ് ഈ കണ്ടുപിടുത്തം പണ്ട് അവതരിപ്പിച്ചത്.ഇങ്ങനെ എവിടെനിന്നെങ്കിലും ലഭിച്ച ആശയങ്ങളോടൊപ്പം സ്വന്തം ഊഹാപോഹങ്ങളും കൂടി ചേർത്ത് പ്രസംഗിക്കുന്നവർ നിരവധിയുണ്ട്.

ഒരു നിർദ്ദേശംകൂടി മുൻപോട്ടു വെയ്ക്കട്ടെ: താങ്കളിൽ ആരോപിക്കപ്പെട്ട കുറ്റം (ഇന്റർനെറ്റ് കേസ്സ്) തെളിയിച്ച് പൊന്നുപോലെ പുറത്തു വരണം. അത് താങ്കളോട് പൊതുജനത്തിനുള്ള ബഹുമാനം വർദ്ധിപ്പിക്കുവാൻ ഇടയാക്കും. അതിന് ദൈവം ബലം നൽകുവാൻ പ്രാർത്ഥിക്കുന്നു. മറ്റൊരു കാര്യം കൂടി: ഡിഫെൻഡറിന്റെ ഭാഷ ഒന്നുകൂടി സ്മൂത്ത് ആക്കിയാൽ നന്നായിരിക്കും.'' (ഉന്നത വിദ്യാഭ്യാസമുള്ള ഒരു വയോവൃദ്ധനാണ് ഈ കത്ത് എഴുതിയത്.)

**രണ്ടാമത്തെ കത്ത്:**

(ഒരു ഉറച്ച ബ്രദറൺ വിശ്വാസിയാണ് ഈ കത്ത് എഴുതിയതെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ).

കർത്തൃദാസൻ ടി.എസ്.ബാലന്,

ഏകദേശം 10 വർഷം മുൻപ് താങ്കൾ എനിക്കൊരു കത്തയച്ചിരുന്നു. അതിന്റെ സാരാംശം ഇതായിരുന്നു:

മലബാർ ഗോസ്പൽ മെസഞ്ചർ എന്ന പത്രത്തിൽ തുടർച്ചയായി ജെ.സി.ദേവ് അന്യഭാഷയെ അഭിഷേകമായി ചിത്രീകരിച്ച് എഴുതിവരുന്നു. ഒരു ബ്രദറുകാരൻ ഇങ്ങനെ എഴുതുമോ? എങ്കിൽ ദേവ് ബ്രദറുകാരനോ പെന്തക്കോസ്തുകാരനോ അല്ല. ഒരുവക വാട്ടവെള്ള പരുവം''.

അന്ന് ആ കത്ത് എനിക്ക് രസിച്ചില്ല. ദേവിനോട് എനിക്കുള്ള മതിപ്പ് അത്രയ്ക്ക് ഉണ്ടായിരുന്നു. ദേവ് വാട്ടവെള്ളമല്ല, ഉറച്ച ബ്രദറുകാരനാണ്. സാഹിത്യം, യുക്തി, അറിവ് തുടങ്ങിയവ ഉപയോഗിച്ച് സത്യത്തിനുവേണ്ടി പോരാടുന്ന ദൈവദാസൻ.

താങ്കളുടെ കത്ത് കിട്ടിയ ഉടൻ ഞാൻ ദേവിന് ഒരു കത്തയച്ചു. ബാലൻ എഴുതിയ വസ്തുതകൾ ശരിയാണോ എന്ന് ചോദിച്ചിരുന്നു. ദേവിന്റെ മറുപടി വന്നു:

''ദൈവദാസൻമാരെ വിമർശിക്കുന്ന അഭിഷേകമാണ് പാസ്റ്റർ ബാലന് ലഭിച്ചിരിക്കുന്നത്. ഞാൻ സത്യവിരുദ്ധമായി ഒന്നും എഴുതിയിട്ടില്ല. എന്റെ ലേഖനം വായിച്ചുനോക്കുക.''

തുടർന്ന് ഈ വിഷയം കുത്തിപ്പൊക്കുവാൻ ഞാൻ ഒരുമ്പെട്ടില്ല. ദേവിനോടുള്ള എന്റെ ബഹുമാനം നഷ്ടപ്പെടാതെ സൂക്ഷിച്ചുകൊണ്ടിരുന്നു.

2006 ഫെബ്രുവരി മാസത്തിൽ ദേവിന്റെ ഒരു പെന്തക്കോസ്ത് ബന്ധുവിന്റെ വീട്ടിൽവെച്ചാണ് ''എന്തുകൊണ്ട് റ്റൊപ്പേക്ക'' എന്ന പേരിൽ ദേവ് എഴുതിയ ഒരു ലേഖനം കണ്ടത്. വാട്ടവെള്ളവും വിഷവെള്ളവും ചേർന്നതാണ് ആ ലേഖനം എന്ന് മനസ്സിലായി. അതിനെതിരെ ഞാൻ ഒരു മാസികയിൽ പ്രതികരിക്കുകയും ചെയ്തു.

ഇതുപോലെയുള്ള പലരും മറുകണ്ടം ചാടി ഇവിടെ നക്ഷത്രങ്ങളേപ്പോലെ ശോഭിക്കുന്നുണ്ട്. ഏതായാലും ഡിഫെൻഡറിൽ ദേവിനേക്കുറിച്ച് എഴുതുന്നത് അദ്ദേഹം അർഹിക്കുന്നതുതന്നെ.



RNI No. 68089 / 97
2007 June 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# പെരുമ്പെട്ടി ഐ.പി.സിയിൽ പോലീസ് വിളയാട്ടം

പെരുമ്പെട്ടി ഫിലാദൽഫിയ ഐ.പി.സി സഭയിൽ മെയ് 27ന് (ഞായർ) പോലീസ് അഴിഞ്ഞാടി. അവിടെ ക്രമസമാധാന പ്രശ്നം ഉണ്ടെന്ന് വരുത്തിത്തീർത്ത് സഭാഹാൾ പൂട്ടുകയായിരുന്നു ലക്ഷ്യം. പക്ഷേ പാസ്റ്ററായ ഏബ്രഹാം ഷാജിയും വിശ്വാസികളും സംയമനം പാലിച്ചതുകൊണ്ട് പോലീസിന്റെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.



ഏബ്രഹാം ഷാജി അടുത്തകാലം വരെ ടി.എസ്.ഏബ്രഹാമിന്റെ വിശ്വസ്തനായിരുന്നു. പക്ഷേ ഐ.പി.സിയിൽ നടക്കുന്ന ചില അഴിമതികൾക്കെതിരെ ഏബ്രഹാം ഷാജി ശബ്ദമുയർത്തിയതോടെ അദ്ദേഹം ടി.എസ്. ഏബ്രഹാമിന്റെ ശത്രുവായി. എങ്ങനെയെങ്കിലും ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്ന് പുറത്താക്കാൻ തീരുമാനിച്ചു. തക്കതായ കാരണമൊന്നും കിട്ടാതെ വന്നപ്പോൾ ന്യായമായ കാരണങ്ങളൊന്നും കൂടാതെ ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്ന് പുറത്താക്കുകയും പെരുമ്പെട്ടി സഭയിലേക്ക് മറ്റൊരു പാസ്റ്ററെ നിയമിക്കുകയും ചെയ്തു. പക്ഷേ ഏബ്രഹാം ഷാജി പുറത്തുപോയില്ലെന്നു മാത്രമല്ല അന്യായമായ പുറത്താക്കലിനെതിരെ കോടതിയെ സമീപിക്കുകയും ചെയ്തു. പുറത്താക്കൽ നടപടി നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയ കോടതി ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിയഴുതി.

ടി.എസ്.ഏബ്രഹാമിന് ഓശാന പാടുന്ന കുറെ വിശ്വാസികൾ ബഹളം ഉണ്ടാക്കുമെന്ന് ഉറപ്പായിരുന്നതിനാൽ കേസ്സ് നടക്കുന്ന സമയത്ത് ഏബ്രഹാം ഷാജി സഭാഹാൾ അടച്ചിട്ടിരുന്നു. കേസ്സിൽ ഏബ്രഹാം ഷാജി തോൽക്കുമെന്നും സഭാഹാൾ ടി.എസ്.പക്ഷത്തിന് ലഭിക്കുമെന്നുമായിരുന്നു പ്രതീക്ഷ. പക്ഷേ കോടതിവിധി ഏബ്രഹാം ഷാജിക്ക് അനുകൂലമായതോടെ മറുപക്ഷത്തിന്റെ പ്രതീക്ഷ മങ്ങി. മാത്രമല്ല, ഏബ്രഹാം ഷാജി സഭാഹാൾ തുറന്ന് ആരാധന പുനരാരംഭിക്കുകയും ചെയ്തു. അങ്ങനെ മറുപക്ഷം എല്ലാ വിധത്തിലും തകർന്നു. പലരും ഏബ്രഹാം ഷാജിയുടെ പക്ഷത്തേക്ക് മടങ്ങി വരുകയും ചെയ്തു. ഉടനെയൊന്നും ഏബ്രഹാം ഷാജിയെ പുറത്താക്കി സഭാഹാൾ പിടിച്ചെടുക്കാൻ പറ്റില്ലെന്ന് ടി.എസ്.ഏബ്രഹാമിന് ബോദ്ധ്യമായി.

എങ്ങനെയെങ്കിലും പ്രശ്നം തീർത്ത് തങ്ങൾക്കും സഭാഹാളിൽ ആരാധിക്കാനുള്ള അവസരം ഒരുക്കണം എന്ന് ടി.എസ് പക്ഷത്തുള്ള വിശ്വാസികൾ ടി.എസ്.ഏബ്രഹാമിനോട് ആവശ്യപ്പെട്ടു. ചില രാഷ്ട്രീയക്കാരുടെ സഹായത്തോടെ ഏബ്രഹാം ഷാജിയെ പറഞ്ഞു മയക്കി പെരുമ്പെട്ടിയിൽ നിന്ന് സ്ഥലം മാറ്റാൻ ടി.എസ്.ഏബ്രഹാം പദ്ധതിയിട്ടു. വിവരം മണത്തറിഞ്ഞ ഏബ്രഹാം ഷാജി ഒരു അമേരിക്കൻ മലയാളിയുടേയും കെ.പി.കുര്യന്റേയും സഹായത്തോടെ ചില കരുനീക്കങ്ങൾ നടത്തി. ഇവരുടെ നെടുമ്പ്രം യാത്ര അതിന്റെ ഭാഗമായിരുന്നു. ഈ നീക്കത്തേക്കുറിച്ച് ഡിഫെൻഡർ വാർത്ത പ്രസിദ്ധീകരിച്ചതോടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. ഏബ്രഹാം ഷാജിയുമായി ഒരു ഒത്തുതീർപ്പും വേണ്ടെന്നും പോലീസിന്റെ സഹായത്തോടെ സഭാഹാൾ പിടിച്ചെടുക്കാമെന്നും ടി.എസ്.ഏബ്രഹാം തീരുമാനിച്ചു. ഭാരത സുവിശേഷീകരണത്തിനെന്ന വ്യാജേന പിരിച്ചെടുത്ത കോടികൾ ബാങ്കിൽ ഉള്ളതുകൊണ്ട് പോലീസിനെ സ്വാധീനിക്കാൻ ബുദ്ധിമുട്ടുണ്ടായതുമില്ല.

മുൻകൂട്ടി തയ്യാറാക്കിയ പദ്ധതി അനുസരിച്ച് മെയ് 27ന് രാവിലെ പോലീസ് പെരുമ്പെട്ടി സഭാഹാളിന് മുൻപിൽ എത്തി. അപ്പോഴേക്കും ഏബ്രഹാം ഷാജി സഭാഹാൾ തുറന്ന് ഉള്ളിൽ കടന്നിരുന്നു. ഹാളിൽ നിന്ന് ഏബ്രഹാം ഷാജിയെ പുറത്തിറക്കാൻ പോലീസ് ആവുന്നത്ര ശ്രമിച്ചിട്ടും സാധിച്ചില്ല. ഭീഷണികൾ വിലപ്പോയില്ല. ക്രമസമാധാനപ്രശ്നം ഉണ്ടാക്കി സഭാഹാൾ പൂട്ടാനായിരുന്നു പദ്ധതിയെങ്കിലും ടി.എസ് പക്ഷക്കാർ ആരും ബഹളമുണ്ടാക്കാൻ എത്തിയുമില്ല. അങ്ങനെ റോഡിൽ നിന്ന് രണ്ടു മണിക്കൂറോളം സമയം കോലാഹലമുണ്ടാക്കിയിട്ട് പോലീസ് തിരിച്ചുപോയി. ഏബ്രഹാം ഷാജിയും വിശ്വാസികളും പതിവുപോലെ സഭായോഗം നടത്തുകയും ചെയ്തു. അടുത്ത ഞായറാഴ്ച എന്ത് തന്ത്രവുമായാകും പോലീസ് എത്തുക എന്ന് പറയാനാവില്ല.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

**MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan